# വേദാഭിമാനി

**വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി**

Vol.19 | No.1 | കാർത്തികപ്പള്ളി | R.No. 7361/02 | 2019 JANUARY

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

**വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com**




# അവർ നിലവിളിക്കുമ്പോൾ നമുക്കെന്തു പുതുവർഷം



മതനിന്ദക്കുറ്റം ആരോപിച്ചു വധശിക്ഷയ്ക്കു വിധിക്കപ്പെട്ട പാക് ക്രൈസ്തവ വനിത ആസിയ ബീബിയെ കോടതി കുറ്റവിമുക്തയാക്കിയെങ്കിലും പാക് ഭരണകൂടം അവരെ വീണ്ടും ഇസ്ലാമിക തീവ്രവാദികളുടെ കൈയിലേക്കു വിട്ടുകൊടുത്തിരിക്കുകയാണ്. പ്രധാനമന്ത്രിയും മുൻ ക്രിക്കറ്ററുമായ ഇമ്രാൻഖാൻ തീവ്രവാദികളുടെ കൈയ്യിലെ കളിപ്പാവയാണെന്നു വ്യക്തമാക്കുന്നതാണ് തെഹ്‌രീക് ഇ ലബ്ബായിക് പാക്കിസ്ഥാനു (ടി.എൽ.പി) മായി ഇക്കാര്യത്തിൽ സർക്കാർ ഉണ്ടാക്കിയിരിക്കുന്ന കരാർ. ആസിയയെ കുറ്റവിമുക്തമാക്കിയ വിധിക്കെതിരെ നൽകപ്പെടുന്ന അപ്പീലിനെ സർക്കാർ എതിർക്കില്ലെന്നതാണു കരാർ. ഫലത്തിൽ ആ ക്രൈസ്തവ വനിതയുടെ മരണവാറന്റാണു തീവ്രവാദികളും പാക് ഭരണകൂടവും ചേർന്ന് ഉണ്ടാക്കിയിരിക്കുന്നത്.




പാക്കിസ്ഥാനിൽ മാത്രമല്ല, പല പശ്ചിമേഷ്യൻ രാജ്യങ്ങളിലും മുസ്ലിം ഭൂരിപക്ഷ ആഫ്രിക്കൻ രാജ്യങ്ങളിലും ക്രൈസ്തവ സമൂഹം കടുത്ത ഭീഷണിയാണു നേരിടുന്നത്. ക്രൈസ്തവ വിശ്വാസത്തിന്റെ ഈറ്റില്ലമായിരുന്ന പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ക്രൈസ്തവർ കഠിനപീഡനങ്ങൾക്കും വംശീയമായ തുടച്ചുനീക്കലിനും ഇരയാവുകയാണ്. എന്നിട്ടും ഈ ന്യൂനപക്ഷം അനിതരസാധാരണമായ വിശ്വാസദാർഢ്യം പ്രകടിപ്പിക്കുന്നു. ഇതാകട്ടെ തീവ്രവാദികളെ കൂടുതൽ ക്രൂരരാക്കുന്നു.

ലോക ക്രൈസ്തവരിൽ പന്ത്രണ്ടിൽ ഒരാൾ വീതം കുടത്ത മതപീഡനത്തിനിരയാകുന്നുണ്ടെന്നാണ് 'ഓപ്പൺ ഡോർസ്' പറയുന്നത്. ഇസ്ലാമിക തീവ്രവാദവും മതദേശീയതാവാദവും തീവ്ര രാഷ്ട്രീയവുമാണു ഭീഷണി സൃഷ്ടിക്കുന്നതായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ക്രൈസ്തവപീഡനത്തിൽ കഴിഞ്ഞ 16 വർഷമായി ഒന്നാംസ്ഥാനത്തുള്ളത് ഉത്തര കൊറിയയാണ്. അവിടെ മതസ്വാതന്ത്ര്യമുണ്ടെന്നാണു ഭരണാധികാരികൾ അവകാശപ്പെടുന്നതെങ്കിലും പരസ്യമായി ക്രൈസ്തവ വിശ്വാസം ഏറ്റുപറയുന്ന ഏതൊരാളും അറസ്റ്റ് ചെയ്യപ്പെടുകയോ പാർട്ടി ലേബർ ക്യാമ്പിൽ പഠനത്തിനായി അയയ്ക്കപ്പെടുകയോ ചെയ്യും. വധശിക്ഷയ്ക്കു വിധിക്കപ്പെടുന്നവരും കുറവല്ല. എന്നാൽ, രഹസ്യമായി ക്രൈസ്തവ വിശ്വാസത്തെ ആശ്ലേഷിക്കുന്നവരുടെ എണ്ണം ഉത്തര കൊറിയയിൽ വർധിച്ചുവരികയാണ്. അഫ്ഗാനിസ്ഥാനിൽ ക്രൈസ്തവ വിശ്വാസത്തിനുതന്നെ നിരോധനമുണ്ട്. സോമാലിയയിൽ ക്രൈസ്തവരെ കണ്ടാലുടൻ കൊന്നുകളയുന്ന പതിവുണ്ട്. പാക്കിസ്ഥാൻ ക്രൈസ്തവരെ പ്രത്യേകമായി ഉന്നമിട്ടു പീഡിപ്പിക്കുന്ന രാജ്യമാണെന്നും പഠനത്തിൽ പറയുന്നു. മധ്യേഷ്യൻ രാജ്യങ്ങളായ ഉസ്ബക്കിസ്ഥാൻ, ഖസാക്കിസ്ഥാൻ, താജിക്കിസ്ഥാൻ, അസർബൈജാൻ എന്നിവിടങ്ങളിലും ക്രൈസ്തവപീഡനം വർധിച്ചുവരികയാണ്. എന്നാൽ കമ്മ്യൂണിസ്റ്റ് ഏകാധിപത്യത്തിൻകീഴിലുണ്ടായിരുന്ന പല രാജ്യങ്ങളിലും റഷ്യയുൾപ്പെടെ പഴയ സോവ്യറ്റ് യൂണിയന്റെ പല ഭാഗങ്ങളിലും ക്രൈസ്തവ വിശ്വാസം കൂടുതൽ ശക്തിപ്രാപിക്കുന്നു.

ഹൈന്ദവ തീവ്രവാദം ഇന്ത്യയിലും നേപ്പാളിലും വർധിച്ചുവരുന്നതായുള്ള അന്താരാഷ്ട്ര റിപ്പോർട്ടുകളും പുറത്തുവരുന്നുണ്ട്. മതേതരത്വത്തിലും ജനാധിപത്യത്തിലും അടിയുറച്ച പാരമ്പര്യമുള്ള ഇന്ത്യയിൽ ന്യൂനപക്ഷപീഡനം ശക്തി പ്രാപിക്കുകയാണ്. ക്രൈസ്തവരുടെ സഹിഷ്ണുതാ മനോഭാവത്തെയും സഹനത്തെക്കുറിച്ചുള്ള മഹത്തായ ദർശനത്തെയും ദൗർബല്യമായി കരുതുന്നവരുണ്ട്. അതുകൊണ്ടുതന്നെ ക്രൈസ്തവരെ വളഞ്ഞിട്ട് ആക്രമിക്കാൻ ചിലർക്കു മടിയില്ല. ശാരീരികമായ ആക്രമണങ്ങളെക്കാൾ വളരെ കൂടുതലാണു മറ്റ് ആക്രമണങ്ങൾ. ക്രൈസ്തവരെ അപഹസിക്കാനും തകർക്കാനുമുള്ള ശ്രമങ്ങൾ ഇപ്പോൾ കേരളത്തിൽ കൊണ്ടുപിടിച്ചു നടക്കുന്നുണ്ട്. പരമ്പരാഗത മാധ്യമങ്ങളും നവമാധ്യമങ്ങളും ചില ക്രൈസ്തവ നാമധാരികളും അതിന് ഉപകരണങ്ങളാകുന്നു. കുറെ മാധ്യമങ്ങൾ ക്രൈസ്തവ സമൂഹത്തിനുള്ളിൽനിന്നുതന്നെ വിമതശബ്ദമുയർത്തുന്നവരെയും വിമർശകരെയും തേടിപ്പിടിച്ചു സ്വാധീനിച്ച് ക്രൈസ്തവ വിരുദ്ധത പ്രസംഗിപ്പിക്കുന്നു. കേരള സമൂഹത്തിനും രാജ്യത്തിനും ക്രൈസ്തവർ ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ സംഭാവനകളും സേവനങ്ങളും അപഹസിക്കപ്പെടുന്നു. പെന്തക്കോസ്തു സുവിശേഷകരെ പരിഹസിക്കുകയും വിമർശിക്കുകയും ഭീഷണിപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്യുക എന്നതാണ് ചില മതതീവ്രവാദ സംഘടനകളുടെ മുടക്കമില്ലാത്ത പരിപാടി. സുവിശേഷ പ്രവർത്തനങ്ങളെ ഇല്ലാതാക്കാൻ ചില തീവ്രവാദസംഘടനകൾ നവമാധ്യമങ്ങൾ ദുർവിനിയോഗം ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരുവശത്തു ക്രൈസ്തവവിശ്വാസം വെല്ലുവിളിയും പീഡനവും നേരിടുമ്പോൾ മറുവശത്ത് നാം മൗനം പാലിക്കുകയാണ്.

നാം നിശബ്ദരായിരിക്കേണ്ട സമയമല്ലിത്. പറയാനുള്ളത് ഉച്ചത്തിൽ പറയാൻ നമുക്ക് കഴിയണം. സ്നേഹത്തിന്റെയും സഹനത്തിന്റെയും മാർഗ്ഗമായ ക്രൈസ്തവ വിശ്വാസത്തിന് മതപരവും ശാസ്ത്രീയവും ചരിത്രപരവുമായ അടിസ്ഥാനവും ആധികാരികതയുമുണ്ട്. ശാസ്ത്രീയവും ചരിത്രപരവുമായ ഏതു വെല്ലുവിളിയേയും ആശയപരമായി നേരിടുവാൻ വേദാഭിമാനിയ്ക്ക് കരുത്തുണ്ട്. സമാനചിന്താഗതിയുള്ളവർ ഞങ്ങളുമായി സഹകരിക്കുക.



# സെന്റിനലിലെ രക്തസാക്ഷി

"ആദിവാസികൾക്കു സമ്മാനങ്ങൾ നൽകി. മഞ്ഞനിറം പൂശിയ മുഖത്തെ കൗതുകം കണ്ടാണ് നടന്നടുത്തത്. പിന്നെയുണ്ടായത് ശരവർഷം.'' ആൻഡമാൻ നിക്കോബാറിലെ ഉത്തര സെന്റിനൽ ദ്വീപിൽ ഗോത്രവർഗ്ഗക്കാരുടെ അമ്പേറ്റു മരിച്ച യു.എസ്.പൗരൻ ജോൺ അലൻ ചൗ(27)വിന്റെ കഴിഞ്ഞകാല ഡയറിക്കുറിപ്പ് പുറത്തുവന്നു.

കഴിഞ്ഞ ഒക്ടോബറിലാണ് ആദ്യമായി ജോൺ മൽസ്യത്തൊഴിലാളികളുടെ ബോട്ടിൽ ദ്വീപിനു സമീപത്തെത്തിയത്. എന്നാൽ പവിഴപ്പുറ്റുകൾ ഉള്ളതിനാൽ തീരത്തേക്ക് ബോട്ട് അടിപ്പിക്കാനായില്ല. പിറ്റേന്നു ചെറുവള്ളത്തിൽ ചൗ ഒറ്റയ്ക്ക് ദ്വീപിലേക്കു പോയി. അന്നു മരണത്തിൽനിന്നു കഷ്ടിച്ചു രക്ഷപ്പെടുകയായിരുന്നു. ആദിവാസികളെ ജനങ്ങളുമായി ബന്ധിപ്പിക്കാനാണ് അദ്ദേഹം ആഗ്രഹിച്ചത്. അടുപ്പം ഉണ്ടാക്കാനാണ് സമ്മാനങ്ങളുമായി ദ്വീപിൽ കാലുകുത്തിയത്.

കൈയിൽ ഒരു ബൈബിളും കരുതിയിരുന്നു. അഞ്ചരയടി ഉയരമുള്ള ആദിവാസിയെയാണ് ആദ്യം കണ്ടത്. ഒരാൾക്കു 15 വയസോളം പ്രായം. "എന്റെ പേര് ജോൺ. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു, യേശുവും"-അദ്ദേഹം ഇംഗ്ലീഷിൽ സ്വയം പരിചയപ്പെടുത്തി. പിന്നെ സമ്മാനങ്ങൾ എറിഞ്ഞുകൊടുത്തു.

ഭയന്ന ആദിവാസികൾ അമ്പെയ്താണു പ്രതികരിച്ചത്. അമ്പ് പതിച്ചത് ബൈബിളിലാണ്. അന്ന് മരണത്തിൽ നിന്നു രക്ഷപ്പെട്ടത് അങ്ങനെയാണെന്നു ജോൺ കുറിച്ചു.

"ദൈവമേ അവരോട് ക്ഷമിക്കേണമേ... എന്നെ കൊല്ലാൻ നോക്കിയവർക്കും മാപ്പ് നൽകണം." അമ്പിൽ ലോഹത്തിന്റെ അംശവും അദ്ദേഹം കണ്ടെത്തി. അതിവേഗം ഓടിയും നീന്തിയും വള്ളത്തിൽ കയറിയാണു രക്ഷപ്പെട്ടത്.

ടെൽസയിലെ ഓറൽ റോബട്ട്സ് സർവകലാശാലയിലെ പഠനത്തിനു ശേഷമാണ് അദ്ദേഹം ആൻഡമാനിലേക്കു പുറപ്പെട്ടത്. "ഇനിയും അവരെ കാണും ജീവനോടെ മടങ്ങിയാലും ഇല്ലെങ്കിലും ദൈവത്തിനു സ്തുതി" എന്ന് എഴുതിയശേഷമാണ് അദ്ദേഹം അവസാന യാത്രയ്ക്കിറങ്ങിയത്. പക്ഷേ അത് മരണത്തിലേക്കായിരുന്നു. അങ്ങനെ ആ സാഹസിക സുവിശേഷകൻ രക്തസാക്ഷിയായി.

മത്സ്യത്തൊഴിലാളികളാണ് ജോണിന്റെ ഡയറി പോർട്ട്ബ്ലയറിലെ അദ്ദേഹത്തിന്റെ സുഹൃത്ത് അലക്സാണ്ടറിനു കൈമാറിയത്.

## സെന്റിനൽ ഒരു നിഗൂഢദ്വീപ്

പുറംലോകവുമായി യാതൊരു ബന്ധവുമില്ലാതെ നിബിഡമായ വനങ്ങൾ നിറഞ്ഞ ഒരു ഒറ്റപ്പെട്ട ദ്വീപ്. ഇവിടെ മനുഷ്യവാസമുണ്ടെന്നല്ലാതെ അവരെക്കുറിച്ച് യാതൊരു അറിവും പുറംലോകത്തിനില്ല. ഇനി ഇവരെക്കുറിച്ച് പഠിച്ചുകളയാം എന്നു കരുതി ആരെങ്കിലും ഇവിടെ കാലുകുത്തിയാൽ അവരെ കൊല്ലാൻ ഈ ദ്വീപ് നിവാസികൾക്ക് അനുവാദമുണ്ട്. ഏതെങ്കിലും രാജ്യത്തിന്റെ നീതിവ്യവസ്തകളോ അന്താരാഷ്ട്ര നീതിന്യായ കോടതിയോ ഒന്നും ഇവരുടെ പ്രവൃത്തിയെ ചോദ്യം ചെയ്യില്ല.

ബംഗാൾ ഉൾക്കടലിൽ ആൻഡമാൻ ദ്വീപിന്റെ ഭാഗമാണ് നോർത്ത് സെന്റിനൽ ദ്വീപ്. ഇന്ത്യൻ യൂണിയനു കീഴിലുള്ള ആൻഡമാൻ ആൻഡ് നിക്കോബാറിലെ സൗത്ത് ആൻഡമാൻ ജില്ലയുടെ ഭാഗമാണിവിടം. എന്നാൽ ഒറ്റപ്പെട്ടുകഴിയാനുള്ള ഈ ദ്വീപുവാസികളുടെ താല്പര്യം മനസ്സിലാക്കിയ ഇന്ത്യാഗവൺമെന്റ് ഇവരെ രാജ്യത്തിന്റെ എല്ലാ നിയമങ്ങളിൽ നിന്നും ഒഴിവാക്കുകയായിരുന്നു. ആധുനികതയുടെ യാതൊരുവിധ സ്വാധീനവും ഏൽക്കാത്ത ലോകത്തിലെ അവസാനത്തെ മനുഷ്യവംശമാണ് ഇവിടെ താമസിക്കുന്നത്. സെന്റിനെലെസ് എന്നാണ് ഇവരെ വിളിക്കുന്നത്. ആൻഡമാൻ ആൻഡ് നിക്കോബാർ ദ്വീപിൽ കുടിയേറ്റങ്ങളും അധിനിവേശങ്ങളും നടന്നതായി പല ചരിത്രരേഖകളിലും വിവരിക്കുന്നുണ്ട്. എന്നാൽ സെന്റിനൽ ദ്വീപിനെപ്പറ്റി ഇവയിലൊന്നും ഒരു പരാമർശവുമില്ല.





| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ \| ഡിജിറ്റൽ \| ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.150 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |




# വിപത്തായി മാറുന്ന സമ്പത്ത്

ഒരിക്കൽ തുർക്കി സുൽത്താൻ തന്റെ ആധിപത്യം സ്ഥാപിക്കാനും ജനശ്രദ്ധ പിടിച്ചുപറ്റാനുമായി എല്ലാവിധ സന്നാഹങ്ങളോടും കൂടി രാജ്യത്തുടനീളം ഒരു യാത്ര നടത്തി. രാജാവിനെയും പരിവാരങ്ങളെയും കാണാനായി എല്ലായിടത്തും ജനങ്ങൾ തടിച്ചുകൂടിയിരുന്നു. കുതിരകളുടെയും പട്ടാളക്കാരുടെയും അകമ്പടിയോടെ രാജാവും രാജ്ഞിയും പ്രധാന നഗരമായ ഇസ്താംബൂളിലെ ഒരു വീഥിയിലൂടെ യാത്ര ചെയ്യുകയായിരുന്നു. ആരവങ്ങളും ആഹ്ലാദ പ്രകടനങ്ങളും കൊണ്ട് വീഥികൾ കലങ്ങി മറിഞ്ഞിരുന്നു. കുതിരപ്പുറത്തു നിന്ന് രാജാവും രാജ്ഞിയും എല്ലാവരെയും അഭിവാദ്യം ചെയ്തു. ഒരു മനുഷ്യൻ ആരവങ്ങളിലോ ആഹ്ലാദപ്രകടനങ്ങളിലോ ശ്രദ്ധിക്കാതെ ഒരറ്റത്തുകൂടി നടന്നുപോകുന്നതു രാജ്ഞിയുടെ ശ്രദ്ധയിൽ പെട്ടു. രാജ്ഞി അയാളെ രാജാവിനു കാണിച്ചുകൊടുത്തു. രാജാവിന് ദേഷ്യം വന്നു. കിങ്കരന്മാരെ അയച്ച് അയാളെ രഥത്തിനടുത്തേക്ക് കൊണ്ടുവന്നു.

രാജാവ് ചോദിച്ചു: ജനങ്ങൾ മുഴുവൻ എന്നെ ബഹുമാനിക്കുന്നതു നീ കാണുന്നില്ലേ? എന്തഹങ്കാരത്തിലാണ് എന്നെയും രാജ്ഞിയെയും ശ്രദ്ധിക്കാതെ നീ തെരുവിലൂടെ നടക്കുന്നത്? ആരാണ് നീ? അയാൾ പറഞ്ഞു: ഞാൻ ദൈവത്തിൽ മാത്രം വിശ്വസിക്കുകയും ദൈവാർപ്പണത്തിൽ ജീവിക്കുകയും ചെയ്യുന്ന ഒരു സാധാരണ മനുഷ്യനാണ്.





ഒരു രാജാവിനെ ബഹുമാനിക്കരുത് എന്നുണ്ടോ നിന്റെ നീതിശാസ്ത്രത്തിൽ? രാജാവു ചോദിച്ചു.

അയാൾ പറഞ്ഞു: എല്ലാവരും താങ്കളെ വണങ്ങുന്നത് അവർക്കൊക്കെ എന്തെങ്കിലും ലഭിക്കണം എന്ന ചിന്ത കൊണ്ടും വണങ്ങിയില്ലെങ്കിൽ അവരുടെയൊക്കെ തലപോകും എന്ന ഭയംകൊണ്ടുമാണ്. രാജാധിരാജനായ ദൈവം എന്റെ കൂടെയുണ്ട് എന്നെനിക്കുറപ്പുണ്ട്. പിന്നെന്തിന് ഒരു രാജാവിന് മുന്നിൽ തലകുനിക്കണം?

അപ്പോൾ നീ എന്റെ മുന്നിൽ തല കുനിക്കല്ലേ?

ഒരടിമയുടെ മുന്നിൽ എന്തിനാണ് ഒരു സ്വതന്ത്ര മനുഷ്യൻ തല കുനിക്കുന്നത്? രാജാവിന് ദേഷ്യം ഇരട്ടിച്ചു. അദ്ദേഹം ചോദിച്ചു: നീ ആരാണ് ഇത്രയും പറയാൻ?

ഞാനാരുമല്ല, ഒരു സൂഫി. ദൈവത്തിന്റെ ദാസൻ.

ഞാൻ ഒരടിമയാണെന്ന് എങ്ങനെയാണ് നീ പറഞ്ഞത്? ഞാൻ രാജാവാണ്. എനിക്കു നിരവധി അടിമകളുണ്ട്.

ഉടൻ സൂഫി പറഞ്ഞു: താങ്കൾ അഹംഭാവത്തിന്റെയും പ്രസിദ്ധിയുടെയും ധനത്തിന്റെയും അടിമയാണ്. ഇതിനെയെല്ലാം ഞാൻ അടിമയാക്കി വച്ചിട്ട് കാലം കുറെയായി. ഇനി ഒന്നിനുമെന്നെ അസ്വതന്ത്രനോ, അടിമയോ ആക്കാൻ പറ്റില്ല. അതിനാൽ എനിക്കു ഭയമില്ല. ഒന്നും വേണ്ടെന്നു തീരുമാനിക്കുന്ന ഒരാൾക്ക് ആരെയും ഭയപ്പെടാനില്ല. നിങ്ങളോ?

സത്യം മനസ്സിലാക്കിയ രാജാവ് സൂഫിയെ കെട്ടിപ്പിടിക്കാനായി കുതിരപ്പുറത്തു നിന്നിറങ്ങി.

അപ്പോഴേക്കും സൂഫി ആൾക്കൂട്ടത്തിനിടയിലേക്കു കടന്നുകളഞ്ഞിരുന്നു.

സ്വാതന്ത്ര്യവും സമാധാനവും തമ്മിൽ ബന്ധപ്പെട്ടു കിടക്കുന്നു. ദൈവികമായ സമാധാനം കൈവരിക്കാതെ സ്വാതന്ത്ര്യമില്ല. സമാധാനം എല്ലാവരും അഭിലഷിക്കുന്നുണ്ടെങ്കിലും സമാധാനമുണ്ടാക്കുന്ന കാര്യങ്ങൾ അഭിലഷിക്കുന്നവർ വളരെ വിരളമാണ് എന്ന് തോമസ് അകംപിസ് പറയുകയുണ്ടായി. നിങ്ങളുടെ ഹൃദയത്തിനുള്ളിൽ ശൂന്യത അവശേഷിക്കുന്നുണ്ട്. മനുഷ്യൻ പാപം ചെയ്ത് ദൈവത്തിൽ നിന്ന് അകന്നുപോയപ്പോൾ, ദൈവത്തിന്റെ ജീവൻ, ചൈതന്യം അവന് നഷ്ടമായി. അതാണ് ശൂന്യതയ്ക്കു കാരണം. ഉപ്പുവെള്ളം എത്രമാത്രം കുടിച്ചാലും ദാഹം ശമിക്കുമോ? ഇല്ല! അത് കുടിക്കുന്തോറും വീണ്ടും ദാഹം വർധിക്കുകയാണ്. ഒടുവിൽ കുടിച്ച്, കുടിച്ച് താങ്ങുവാൻ ശരീരത്തിൽ കെല്പില്ലാതെ പിടഞ്ഞു വീണ് മരിക്കുന്നു. ഇതുപോലെയാണ് ഹൃദയത്തിന്റെ ശൂന്യത നികത്തുവാൻ വേണ്ടി ബുദ്ധി ഉപയോഗിച്ച് മനുഷ്യർ ചെയ്യുന്ന കാര്യങ്ങൾ! ചിലർ ധനം സമ്പാദിക്കുന്നു. അടുത്ത പത്തു തലമുറയ്ക്ക് ജീവിക്കാനുള്ള ധനം ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. പക്ഷേ, ഹൃദയത്തിനുള്ളിൽ സമാധാനം അനുഭവിക്കുന്നില്ല.

അനീതിയുടെ മൂലകാരണങ്ങളിൽ ഒന്നാണ് ദ്രവ്യാഗ്രഹം. ദ്രവ്യാഗ്രഹത്തിനു കാരണമായി നിൽക്കുന്ന സുപ്രധാനമായ രണ്ടു കാര്യങ്ങളുണ്ട്. ധനം നല്കുന്നു എന്നു കരുതപ്പെടുന്ന സുരക്ഷിതത്വബോധവും, അധികാരവും. നാളയെക്കുറിച്ചുള്ള ഉത്ക്കണ്ഠയാണ് സ്വത്തു സംഭരിച്ചു വയ്ക്കാൻ പ്രേരിപ്പിക്കുന്ന ഒരു മുഖ്യകാരണം. എന്നാൽ ധനത്തിനു നല്കാൻ കഴിയുന്ന സുരക്ഷിതത്വം മിഥ്യയാണ് എന്ന് അനേകം ഉദാഹരണങ്ങളിലൂടെ യേശു പഠിപ്പിച്ചു. ധാരാളം വിളവു ലഭിച്ച ധനികനായ കർഷകൻ അറപ്പുരകൾ പൊളിച്ചു വലുതാക്കാൻ ശ്രമിക്കുന്നതിനിടയിൽ തന്റെ ജീവൻ നഷ്ടപ്പെടുന്നു എന്നു മനസ്സിലാക്കാത്ത ഭോഷനാണ് (ലൂക്കോ.12:16-21). ജീവിതം ദൈവത്തിന്റെ ദാനമാണ് എന്നും എപ്പോഴാണ് ദൈവം തിരിച്ചു വിളിക്കുക എന്നറിയില്ല എന്നും ഉള്ള യാഥാർത്ഥ്യങ്ങൾ ഓർത്തിരിക്കണം. സ്വരുക്കൂട്ടുന്ന സമ്പത്തു കൊണ്ടല്ല, ജീവിതം ധന്യമാകുന്നത് (ലൂക്കോ.12:15). സുരക്ഷിതത്വം നൽകാൻ കഴിയാത്ത ധനത്തിൽ ആശ്രയിക്കാതെ, ദൈവിക പരിപാലനയിൽ പൂർണ്ണമായി ആശ്രയിക്കുമ്പോൾ ജീവിതത്തിൽ സന്തോഷവും സമാധാനവും ഉണ്ടാകും.

ധനം വാഗ്ദാനം ചെയ്യുന്ന അധികാരവും സമൂഹത്തിലെ ഉന്നതസ്ഥാനവും ആണ് ദ്രവ്യാഗ്രഹത്തിന്റെ മറ്റൊരു കാരണം. ഈ കാഴ്ചപ്പാടിനെ പാടേ മാറ്റി മറിക്കുന്നതാണ് അധികാരത്തെപ്പറ്റിയുള്ള യേശുവിന്റെ പ്രബോധനം. വലിയവനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ശുശ്രൂഷകനാകണം. ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനായിരിക്കണം (മർക്കോ.10:43-44). അന്ത്യത്താഴ വേളയിൽ ശിഷ്യരുടെ പാദങ്ങൾ കഴുകിക്കൊണ്ട് അധികാരത്തെ സംബന്ധിച്ച പുതിയ കാഴ്ചപ്പാട് യേശു അവതരിപ്പിച്ചു. "ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു" (യോഹ.13:15).

ഭൗതിക സമ്പത്ത് വരുത്തിവയ്ക്കുന്ന രണ്ടു വലിയ വിപത്തിലേക്കും യേശു ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. ധനം ദൈവത്തിന്റെ സ്ഥാനത്തു കയറിയിരിക്കുന്നു എന്നതാണ് ഒരു വലിയ വിപത്ത്. സമ്പാദിക്കുന്ന സ്വത്ത് ദൈവത്തെ മറക്കാൻ പ്രേരിപ്പിക്കുന്നു; അഥവാ സമ്പത്തു തന്നെ ദൈവമായി കരുതപ്പെടുന്നു. അതിനാലാണ് ദ്രവ്യാസക്തിയെ വിഗ്രഹാരാധനയെന്നു പൗലോസ് വിശേഷിപ്പിക്കുന്നത്. "വിഗ്രഹാരാധന തന്നെയായ ദ്രവ്യാസക്തി" (കൊലോ.3:5). മനുഷ്യന്റെ സർവ്വശ്രദ്ധയും വിധേയത്വവും ആരാധനയും ആവശ്യപ്പെടുന്ന യജമാനനാണ്, മാമ്മോൻ എന്ന പേരിൽ വിളിക്കുന്ന ധനം. "ദൈവത്തെയും മാമോനേയും ഒന്നിച്ചു സേവിക്കാൻ നിങ്ങൾക്കു കഴികയില്ല" (മത്താ. 6:24; ലൂക്കോ.16:13). ചുരുക്കത്തിൽ ധനം മനുഷ്യനെ ദൈവനിഷേധിയാക്കുന്നു; ഒപ്പം വിഗ്രഹാരാധകനും.

ദൈവത്തെ നിഷേധിക്കുന്നവൻ സഹോദരനെയും നിഷേധിക്കും. എല്ലാം തനിക്കു മാത്രമായി വാരിക്കൂട്ടാൻ ശ്രമിക്കുന്നവർ സാവധാനം സഹോദര നിഷേധത്തിൽ നിന്ന് സഹോദര വധത്തിലേക്കും നീങ്ങാം. പടിവാതിൽക്കൽ പട്ടിണി കിടന്നു മരിക്കുന്നവനെ കാണാതെ അനുദിനം വിരുന്നാഘോഷിക്കാൻ ധനം മനുഷ്യനെ പ്രാപ്തനാക്കുന്നു! അല്ല, ധനം മനുഷ്യനെ അന്ധനാക്കുന്നു. അയല്ക്കാരനു കൂടി അവകാശപ്പെട്ടതാണ് ഞാൻ സ്വന്തമായി സൂക്ഷിക്കുന്നതും അനുഭവിക്കുന്നതും എന്നു മറക്കുന്ന ധനികൻ, ആത്യന്തികമായി തന്റെതന്നെ അറപ്പുരയിൽ ശ്വാസംമുട്ടി മരിക്കുന്നു. അവന് ദൈവവുമില്ല, സഹോദരനുമില്ല. ഈ വലിയ വിപത്ത് അനേകം ഉദാഹരണങ്ങളിലൂടെ പഠിപ്പിച്ചുകൊണ്ടാണ് യേശു സ്വതന്ത്രമനസ്സോടെ പങ്കുവയ്ക്കുന്ന സ്നേഹത്തിലൂടെ നീതിനിഷ്ഠമായ സമൂഹനിർമ്മിതിക്ക് ആഹ്വാനം ചെയ്യുന്നത്.

ഇപ്രകാരം ഒരു ജീവിതശൈലി കരുപ്പിടിപ്പിക്കണമെങ്കിൽ വിശ്വസിക്കണം. ദൈവം പിതാവാണെന്നും ജീവൻ നൽകിയ പിതാവ് ആ ജീവനെ നിലനിർത്താനും വളർത്താനും ആവശ്യമായവ നല്കുമെന്നും വിശ്വസിക്കണം. ഈ വിശ്വാസം ഉത്ക്കണ്ഠ അകറ്റും. സന്തോഷവും സമാധാനവും നല്കും. പങ്കുവയ്ക്കാൻ ശക്തി തരും. അങ്ങനെ നീതി നിഷ്ഠമായ ഒരു സമൂഹം സംജാതമാകും. അതിനാൽ ഭാവിയെക്കുറിച്ച് ഉത്ക്കണ്ഠ വേണ്ട (മത്താ.6;25-34).



# വിവാഹേതര ബന്ധങ്ങൾ

ആ കുടുംബനാഥയുടെ ആരോപണം ഗൗരവം ഉള്ളതാണ്. തന്റെ ഭർത്താവിനെക്കുറിച്ചാണ് ആരോപണം. ആരോപണം പരസ്ത്രീ ബന്ധമാണ്. ജിമ്മി എന്ന് നാട്ടുകാർ വിളിക്കുന്ന ജിമ്മി സേവ്യറാണ് കക്ഷി. വിവാഹ ജീവിതത്തിന്റെ ആദ്യനാളുകളിൽ തന്റെ ഭർത്താവിനെ സംബന്ധിച്ച് തനിക്ക് ആക്ഷേപം ഒന്നും ഇല്ലായിരുന്നെന്നും അവിഹിത ബന്ധത്തിന്റെ ആരംഭം താൻ മകളുടെ പ്രസവശുശ്രൂഷക്കായി ദുബായിൽ പോയതോടുകൂടിയാണെന്നും ആദ്യമൊക്കെ പരമരഹസ്യമായി ചെയ്തുവന്നിരുന്ന അക്കാര്യം നാലു പേരറിയെ ഈയിടെയായി ചെയ്യാൻ തുടങ്ങിയിരിക്കുന്നെന്നുമാണ് കൊച്ചുറാണിയെന്ന കൊച്ചുത്രേസ്യയുടെ ആരോപണം. തനിക്കും ആഗ്രഹങ്ങളൊക്കെ ഉണ്ടെന്നും താനും ഒരു പുരുഷനാണെന്നും വല്ലപ്പോഴുമൊക്കെ ഇങ്ങനെയൊന്ന് സംഭവിച്ചെന്നുവന്നാൽ ലോകമൊന്നും കീഴ്മേൽ മറിയാൻ പോകുന്നില്ലെന്നും ജിമ്മി കൊച്ചുറാണിയോട് പറഞ്ഞു.

ജിമ്മി-കൊച്ചുറാണി ദമ്പദികൾക്ക് രണ്ട് മക്കളാണുള്ളത്. ദുബായിലുള്ളത് മൂത്ത മകളാണ്. ഇളയവൾ രാജിയുടെ വിവാഹം ഈ വർഷം നടത്താനുള്ള തയ്യാറെടുപ്പിലാണ് ഇരുവരും. പപ്പായെക്കുറിച്ച് വീട്ടിലും നാട്ടിലും കേൾക്കുന്ന കാര്യങ്ങളൊന്നും ഒരു മകൾക്ക് കേൾക്കാൻ അത്ര സുഖമുള്ള കാര്യമല്ലെന്നും ഇങ്ങനെയാണെങ്കിൽ തനിക്കുവേണ്ടി വിവാഹാലോചന നടത്തണ്ടെന്നും ചെന്നൈയിൽ ജോലി ചെയ്യുന്ന രാജി പറയുന്നു. തന്റെ ഭാര്യ തന്നെക്കുറിച്ച് വേണ്ടാതീനം പറയുന്നതാണെന്നും കുടുംബത്തിന് ചേരാത്തതൊന്നും താൻ ചെയ്യുന്നില്ലെന്നും തന്റെ മകളോട് ആണയിട്ട് പറഞ്ഞ് പ്രശ്നത്തിൽ നിന്ന് തടിയൂരാൻ പതിനെട്ടടവും പയറ്റുന്ന ജിമ്മി ഈയിടെയായി കടുത്ത നിരാശയിലും മാനസിക വിഷമത്തിലുമാണ്.

നിരാശ മൂക്കുന്തോറും മദ്യാപാനത്തിന്റെ അളവും കക്ഷി കൂട്ടുന്നു എന്നത് കൊച്ചുറാണിയെ വല്ലാതെ പേടിപ്പെടുത്തുന്നു. ഇക്കാര്യം രഹസ്യമാക്കി താൻ വച്ചാൽ മതിയായിരുന്നെന്നും സാവധാനം കാര്യത്തിന്റെ ഗൗരവം തന്റെ ഭർത്താവിനെ ബോധ്യപ്പെടുത്തിയാൽ മതിയായിരുന്നെന്നും തന്റെ ➤ പേജ് 7 കാണുക







# തകരുന്ന തലമുറ

ഒരിടത്ത് സമർത്ഥനായ ഒരു ഡോക്ടർ ജീവിച്ചിരുന്നു. നടന്നാണ് ദിവസവും അദ്ദേഹം ക്ലിനിക്കിലേക്ക് പോയിരുന്നത്. പോകുന്ന വഴി ഷാപ്പിൽ കയറി അല്പം മദ്യപിക്കുക അദ്ദേഹത്തിന്റെ പതിവായിരുന്നു. ഒരു ദിവസം അദ്ദേഹം വീട്ടിൽ നിന്നി റങ്ങി ഷാപ്പിനോടടുത്ത സമയത്ത് പുറകുവശത്തു നിന്ന് 'അപ്പച്ചാ' എന്നൊരു വിളി കേട്ടു. അദ്ദേഹം തിരിഞ്ഞുനോക്കിയപ്പോൾ തന്റെ കൊച്ചുമകനാണ്. മഴ പെയ്തു നനഞ്ഞ വഴിയിൽ പതിഞ്ഞ തന്റെ കാൽച്ചുവടുകൾ പിൻതുടർന്നെത്തിയ കൊച്ചു മകനെ കണ്ട് ഡോക്ടർ ഞെട്ടി. അന്നദ്ദേഹം ഷാപ്പിൽ കയറിയില്ല. വൈകുന്നേരം ജോലി കഴിഞ്ഞ് വീട്ടിൽ വന്ന് ദൈവമേ, എന്റെ കാൽച്ചുവടുകളെ പിന്തുടരുന്ന മകനുവേണ്ടി ഇന്നുമുതൽ അങ്ങയുടെ കാലടികളെ പിൻതുടരാൻ സഹായിക്കണമേ എന്ന് പ്രാർത്ഥിച്ച് തന്റെ ജീവിതം ദൈവമുമ്പാകെ സമർപ്പണം ചെയ്തു. കുട്ടികൾക്ക് മാതൃകയും സ്നേഹവും ശിക്ഷണവും ആവശ്യമാണ്. നിങ്ങളുടെ ജീവിതരീതി, ശീലങ്ങൾ, ശിക്ഷണ രീതികൾ എല്ലാം അവരുടെ സ്വഭാവത്തെ സ്വാധീനിക്കും.

ലോകപ്രശസ്തനായ ജോൺവെസ്ളിയുടെ മാതാവായ സൂസന്ന, കുഞ്ഞുങ്ങളെ വളർത്തുന്നതിനു ചില പ്രത്യേക നിയമങ്ങൾ എഴുതിയുണ്ടാക്കി.രണ്ടുവയസ് കഴിയുന്നതിനു മുമ്പ് കുട്ടികളുടെ നിർബന്ധശീലത്തിനും കടുംപിടുത്തത്തിനും ഉടച്ചിൽ ഉണ്ടാകണമെന്ന് അവർ അഭിപ്രായപ്പെടുന്നു. ഓരോ കുഞ്ഞും തെറ്റിലേക്കുള്ള ചായ്വോടെ ജനിക്കുന്നു. ഇങ്ങനെ ഒരു അനുമാനത്തിനു കാരണം സദൃശ്യവാക്യങ്ങളാണ്. 'ബാലന്റെ ഹൃദയത്തോടു ഭോഷത്വം പറ്റിയിരിക്കുന്നു... വടി അതിനെ അവനിൽനിന്നു അകറ്റിക്കളയുന്നു...' എന്ന ബൈബിൾ വചനം ഈ ലോകത്തിൽ ജനിക്കുന്ന സകല കുഞ്ഞുങ്ങളിലും തെറ്റു ചെയ്യുവാനുള്ള ആഗ്രഹവും ആവേശവും കുടികൊള്ളുന്നു എന്നു വ്യക്തമാക്കുന്നു.

എന്നാൽ, ആ കുഞ്ഞിനെ ശിക്ഷിച്ചു വളർത്തുന്നുവെങ്കിൽ അവന്റെ ഭോഷത്വം മാറിക്കിട്ടും. അവൻ അനുസരണയും വിനയവുമുള്ളവനായിത്തീരുകയും ചെയ്യും. തെറ്റു ചെയ്താൽ ശിക്ഷ കിട്ടും എന്ന ഭയമുണ്ടാകേണ്ടതാണ്.

ഒട്ടും ഭയമില്ലാത്ത രീതിയിൽ ഈ തലമുറ ആകെ താറുമാറായിപ്പോയിരിക്കുന്നു. മാതാപിതാക്കളെ കുട്ടികൾ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്നു ലോകത്തിന്റെ മുഖഛായ ആകെ മാറിയിരിക്കുന്നു. ഭോഷത്വം പേറി ജീവിക്കുന്ന ഒരു തലമുറ, മാതാപിതാക്കളെ അനുസരിക്കാത്ത തലമുറ, സ്വന്തം വഴി തെരഞ്ഞെടുത്തു മാതാപിതാക്കൾക്കു ലജ്ജാഭാരം വരുത്തിവയ്ക്കുന്ന തലമുറ... എന്നൊക്കെയാണ് ഇന്നത്തെ തലമുറയെ പലരും വിശേഷിപ്പിക്കുന്നത്. അതു കുറെയൊക്കെ ശരിയുമാണ്.

ഈ പ്രശ്നത്തെ എങ്ങനെ പരിഹരിക്കാം എന്ന് മനഃശാസ്ത്രജ്ഞന്മാരും സാമൂഹ്യ പരിഷ്കർത്താക്കളുമൊക്കെ തല പുകഞ്ഞാലോചിച്ചു കൊണ്ടിരിക്കുന്നു.

മക്കളെ വളർത്തേണ്ട രീതിയെപ്പറ്റി ദൈവവചനമായ ബൈബിൾ വളരെ കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു. ബാലന്റെ ഭോഷത്വത്തെ മാറ്റുന്നതിനു വടി ഉപയോഗിക്കേണ്ടതാണെന്ന് ഉപദേശിക്കുകയും ചെയ്യുന്നു.


മക്കളെ സ്നേഹിക്കുകയും അവരെ കരുതുകയും ചെയ്യുന്ന മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ ചെറുപ്പത്തിൽ തന്നെ അവരെ ശിക്ഷിച്ചു വളർത്തുന്നു. സ്നേഹവും വടിയും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. കുഞ്ഞുങ്ങളെ എപ്രകാരം ശിക്ഷിക്കണം എന്നുള്ളത് എല്ലാ മാതാപിതാക്കളും അറിഞ്ഞിരിക്കേണ്ടതാണ്. എന്റെ ചെറു



പ്പകാലത്തു ഞാൻ സാധാരണ കാണാറുള്ള ഒരു സംഭവമുണ്ടായിരുന്നു. അത് ഒരു മകനെ അവന്റെ അപ്പൻ ശിക്ഷിക്കുന്നതായിരുന്നു. ആ പിതാവ് തന്റെ മകനെ വരച്ചവരയിൽ തന്നെ നിർത്തി വളർത്തിയിരുന്നു. എന്തെങ്കിലും അനുസരണക്കേടോ തന്നിഷ്ടമോ കണ്ടാൽ മകനെ മരത്തിൽ പിടിച്ചുകെട്ടി വളരെ കഠിനമായി അടിച്ചിരുന്നു.

അയ്യോ! അവനെ അടിച്ചതു മതിയേ എന്നു പറഞ്ഞോടി വരുന്ന അമ്മയ്ക്കും അതേ വടികൊണ്ടു രണ്ടടിയെങ്കിലും കിട്ടിയിരുന്നു. അവൻ അടികൊള്ളുന്നതു ഞങ്ങൾ നോക്കി നിന്നിട്ടുണ്ട്. ആ പിതാവിന്റെ കൈയിൽ നിന്നു തുടരെ തുടരെ കഠിനമായ ശിക്ഷ ആ കുട്ടി ഏറ്റുവാങ്ങിയിരുന്നു. ആ പിതാവു മകനെ ശിക്ഷിച്ചത് അവൻ നന്നായി വരാനായിരുന്നു. എന്നാൽ പിതാവ് അന്നു കഠിന ശിക്ഷ കൊടുത്തു വളർത്തിയ മകൻ വഴി പിഴച്ചുപോയി. ആ കടുത്ത ശിക്ഷയ്ക്കൊന്നും അവനെ നേർവഴിയേ നടത്തുവാൻ കഴിഞ്ഞില്ല. അവൻ ഗുണം പിടിച്ചില്ല. അവൻ നാടുവിട്ടിറങ്ങി ദുർമാർഗിയായി ജീവിച്ചു. ഇന്നും അവൻ അങ്ങനെതന്നെ. പട്ടാളച്ചിട്ടക്കാരൻ അപ്പനും അമ്മയ്ക്കും വയസായി; രോഗവും ക്ഷീണവുമൊക്കെയായി നെടുവീർപ്പിട്ടു കഴിയുന്നു. ആ മകൻ അവരെ തിരിഞ്ഞുനോക്കിയിട്ടില്ല. അവൻ അവന്റെ കാര്യം മാത്രം നോക്കി നടക്കുന്നു. എന്തുകൊണ്ടാണു ശിക്ഷിച്ചു വളർത്തിയിട്ടും മകൻ നന്നാകാതിരുന്നതെന്ന് നിങ്ങൾ ചോദിച്ചേക്കാം. അതു ബാലശിക്ഷയല്ലായിരുന്നു; മർദ്ദനമായിരുന്നു. മർദ്ദനം കൊണ്ട് ആരും നന്നായതായി കേട്ടിട്ടില്ല. കുട്ടികളെ സ്നേഹത്തിന്റെ ശിക്ഷണത്തിൽ വളർത്തുമ്പോൾ അവർ ഉത്തമന്മാരായി മാറും.

# ജംബുഫലാനി പക്വാനി



"ജംബൂഫലാനി പക്വാനി
പതന്തിവിമലേ ജലേ
കപി കമ്പിത ശാഖാഭ്യാം
ഗുളു ഗുഗ്ഗുളു ഗുഗ്ഗുളു!"

ഭാരതീയ കവികളിൽ പ്രതിഭാശാലിയാണ് കാളിദാസൻ. സംസ്കൃത കവിതയ്ക്കും സാഹിത്യത്തിനും കാളിദാസൻ നൽകിയ സംഭാവനകൾ ചെറുതല്ല. ഇന്ത്യൻ ഷേക്സ്പിയർ എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്.

വിക്രമാദിത്യ മഹാരാജാവിന്റെ സദസ്സിലെ പണ്ഡിതനായിരുന്ന കാളിദാസൻ സമസ്യാപൂരണത്തിൽ ഏറ്റവും പ്രഗത്ഭനായി അറിയപ്പെടുന്നു. പൂരിപ്പിക്കാനായി നൽകുന്ന പദ്യഭാഗമാണ് സമസ്യ.

ഒരിക്കൽ വിക്രമാദിത്യ മഹാരാജാവ് തന്റെ സദസ്സിൽ നൽകിയ ഒരു സമസ്യയാണ് 'ഗുളു ഗുഗ്ഗുളു ഗുഗ്ഗുളു.' ഒരു അർത്ഥവുമില്ലാത്ത ഈ വരികൾ തന്നെ പരീക്ഷിക്കാൻ തന്നതാണെന്ന് കാളിദാസന് മനസ്സിലായി. അദ്ദേഹം സമസ്യയെപ്പറ്റി ചിന്തിച്ച് ഒരു പുഴക്കരയിൽ ചെന്നിരുന്നു.

പെട്ടെന്നാണ് ഒരു ശബ്ദം കേട്ടത്. പുഴയുടെ അരികിലുള്ള ഞാവൽ മരത്തിലെ കൊമ്പിൽ കുരങ്ങൻ ആടുകയാണ്. അപ്പോൾ ഞാവൽ പഴങ്ങൾ വെള്ളത്തിൽ വീണുണ്ടായ ശബ്ദമായിരുന്നു കാളിദാസൻ കേട്ടത്.

ആഹ്ലാദത്തോടെ കാളിദാസൻ, മഹാരാജാവിന്റെ സദസ്സിലേക്ക് ഓടി. എന്നിട്ട് ആ സമസ്യ ഇങ്ങനെ പൂരിപ്പിച്ചു:

"ജംബൂഫലാനി പക്വാനി
പതന്തിവിമലേ ജലേ
കപി കമ്പിത ശാഖാഭ്യാം
ഗുളു ഗുഗ്ഗുളു ഗുഗ്ഗുളു!"

നന്നായി പഴുത്ത ഞാവൽപ്പഴങ്ങൾ കുരങ്ങൻ കുലുക്കിയ കൊമ്പുകളിൽ നിന്ന് 'ഗുളു ഗുഗ്ഗുളു ഗുഗ്ഗുളു' എന്ന ശബ്ദത്തോടെ വീഴുന്നു എന്നർത്ഥം. കാളിദാസന്റെ ബുദ്ധി വൈഭവത്തിൽ മഹാരാജാവ് അതീവ സന്തുഷ്ടനായി.

# വിക്കി പീഡിയ




ഹവായി ഭാഷയിലെ ഒരു വാക്കാണ് വിക്കി. വേഗത്തിൽ, ചടുലമായി എന്നൊക്കെയാണ് ഇതിന്റെ അർത്ഥം.

1995-ൽ കമ്പ്യൂട്ടർ പ്രോഗ്രാമറായ വാഡ് കന്നിങ്ങാം ഒരു സോഫ്റ്റ്‌വേർ ഉണ്ടാക്കി. ഇതിന് wikiwikiwebഎന്നാണ് അദ്ദേഹം പേര് നൽകിയത്. അതോടുകൂടെ wiki എന്ന പദം ഡിക്ഷണറികളിൽ കയറിക്കൂടി.

പിന്നീടാണ് wikipedia തുടങ്ങിയ പദങ്ങൾ നിർമ്മിക്കപ്പെടുന്നത്. wiki എന്ന വാക്കിനോട് encyclopedia എന്നതിലെ pedia കൂട്ടിച്ചേർത്താണ് ലാരി സാങ്ങർ എന്ന അമേരിക്കൻ പ്രോഗ്രാമർ വിക്കിപീഡിയ എന്ന പേര് നിർമ്മിച്ചത്. വിക്കിയുമായി ബന്ധപ്പെട്ട ധാരാളം വാക്കുകൾ ഇന്ന് പ്രചാരത്തിലുണ്ട്. wikia, wiki leaks എന്നൊക്കെ കേട്ടുകാണുമല്ലോ.



# ഒരു ചെറിയ നുണ



**ജീവസന്ദേശം**

ടി.എം. വർഗ്ഗീസ് ഓതറ

**സെ**രേദയിൽ നിന്നുള്ള എഫ്രയിമ്യനായ നെബാത്തിന്റെ മകൻ യൊരോബെയാം എന്ന ശലോമോന്റെ ദാസനും രാജാവിനോട് മൽസരിച്ചു; അമ്മ സെരൂയാ എന്നു പേരുള്ള ഒരു വിധവ ആയിരുന്നു...(1 രാജാ.11:26).

യൊരൊബെയാം മറ്റുള്ളവരെ നന്നായി നയിക്കുവാൻ യോഗ്യതകളുള്ള രാജാവായിരുന്നു എന്നാൽ "യൊരോബെയാം ജനത്തെ പാപത്തിലേക്ക് നയിച്ചു" എന്ന് ഒരു വിധത്തിൽ, അല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഇരുപത്തിയഞ്ചു പ്രാവശ്യം പഴയനിയമത്തിൽ പറയുന്നുണ്ട്.

ഒരു മനുഷ്യൻ പാപം ചെയ്തകൊണ്ടിരിക്കുകയും, മറ്റുള്ളവരെ പാപം ചെയ്യിക്കുകയും ചെയ്യുന്നു എന്നതല്ലാതെ ഒരു മനുഷ്യനെ കുറിച്ച് മോശമായി എന്താണ് പറയുവാനുള്ളത്; അതാണ് ഇരുപത്തിയഞ്ചു പ്രാവശ്യം "നെബാത്തിന്റെ മകനായ യൊരോബെയാമിനെ കുറിച്ചു പറഞ്ഞത്." ഇവിടെ യൊരോബെയാം അല്ല നമ്മുടെ ചിന്താവിഷയം. മറിച്ച് പുതിയ യാഗപീഠം പണിതതിന് യൊരോബെയാമിനെ ശാസിച്ച പേർ പറയാത്ത പ്രവാചകനെ കുറിച്ചാണ് നാം ചിന്തിക്കുന്നത്. ആ പ്രവാചകൻ ഈ ലോകത്തിലെ സത്യവും അസത്യവും തമ്മിലും, അനുസരണവും അനുസരണക്കേടും തമ്മിലും ഉള്ള പോരാട്ടത്തെ ഓർപ്പിക്കുന്നതുകൊണ്ട് ആ പ്രവാചകൻ നമുക്ക് പ്രത്യേകതയുള്ളവനാണ്.

"ചെറിയ, നിസാരമായ ഒരു നുണ", എന്നു പറയുന്നത് നിങ്ങൾ കേട്ടിരിക്കാം എന്നാൽ ഏതു നുണയായാലും നിസാരമോ ചെറുതോ അല്ല എന്ന് നാം അറിഞ്ഞിരിക്കണം. യൊരോബെയാമിനെ കുറ്റപ്പെടുത്തിയതിനും തരംതാഴ്ത്തിയതിനുംശേഷം, ദൈവം അവന് മാനസാന്തരപ്പെടുവാനുള്ള അവസരം കൊടുത്തു. അവന്റെ കൈ ഭേദമാക്കിക്കൊടുക്കുകയും അവസാന ന്യായവിധി നീട്ടിവെക്കുകയും ചെയ്തു. ഒരു നിമിഷത്തിന് ശേഷം, യൊരോബെയാം നല്ല മനസ്സോടെ പ്രതിഫലമായി പ്രവാചകനെ ഭക്ഷണം കഴിച്ചു വിശ്രമിക്കുവാൻ ക്ഷണിച്ചു, എന്തൊരു ക്ഷണം! "ഞാൻ രാജാവിനെ ശാസിച്ചെങ്കിലും, അവൻ നന്ദിസൂചകമായി എന്നെ രാജകീയ ഭോജനത്തിന് ക്ഷണിച്ചു" എന്ന് പ്രവാചകന് അഭിമാനത്തോടെ പറയാമായിരുന്നില്ലേ?

എന്നാൽ "നിന്റെ അരമനയിൽ പകുതി തന്നാലും ഞാൻ നിന്നോടുകൂടെ വരികയില്ല... ഈ സ്ഥലത്തു വെച്ചു ഞാൻ അപ്പം തിന്നുകയില്ല, വെള്ളം കുടിക്കയുമില്ല. 'നീ അപ്പം തിന്നരുത് വെള്ളം കുടിക്കരുത്; പോയ വഴിയായി മടങ്ങിവരികയും അരുത് എന്ന് യഹോവ അരുളപ്പാടായി എന്നോട് കൽപ്പിച്ചിരിക്കുന്നു' " എന്ന് പ്രവാചകൻ രാജാവിനോട് പറഞ്ഞപ്പോൾ അവന്റെ ദൈവഭക്തി പ്രകടമായിരുന്നു (13:8,9) ആ പ്രവാചകന്റെ സംഭവം അവിടെ അവസാനിച്ചിരുന്നുവെങ്കിൽ, അവനെ നാം ബൈബിളിലെ ഏറ്റവും വലിയ പ്രവാചനായി കണക്കാക്കുമായിരുന്നു. ദൈവേഷ്ടത്തിൽ നിന്നും അവനെ പിന്തിരിപ്പിക്കുവാനോ, വ്യതിചലിപ്പിക്കുവാനോ കഴിയുകയില്ല. അവൻ വാസ്തവത്തിലുള്ള പ്രവാചകൻ, ദൈവത്തിന്റെ സത്യം ഭയമോ ആനുകൂല്യമോ കൂടാതെ പ്രസ്താവിക്കുന്നവൻ എന്നു നാം പറയും. പക്ഷെ അയാളുടെ ശേഷിച്ച സംഭവങ്ങൾ അയാളെ കുറിച്ചു മറ്റൊരു ചിത്രമാണ് നൽകുന്നത്.

വന്ന വഴിയല്ലാതെ മറ്റൊരു വഴിയിൽ കൂടെ പ്രവാചകൻ തന്റെ കഴുതപ്പുറത്തു കയറി യാത്ര തുടങ്ങി. ബഥേലിൽ, യാഗപീഠത്തിൽ വച്ച് യൊരോബെയാമിന് സംഭവിച്ചതറിഞ്ഞ എല്ലാവരും ആ സമയത്ത് അതിനെക്കുറിച്ച് കുശുകുശുത്തുകൊണ്ടിരിക്കയാവും. അതു കണ്ട ചില യുവാക്കൾ വീട്ടിൽ ചെന്ന് തങ്ങളുടെ അപ്പൻ ആയ പ്രായം ചെന്ന പ്രവാചകനോട് സംഭവം വിവരിച്ചു പറഞ്ഞു. തന്റെ മക്കൾ പറഞ്ഞതു കേട്ട് അവൻ ചഞ്ചലിച്ചു എന്ന് മാത്രമെ ആ പ്രവാചകനെക്കുറിച്ചു നമുക്ക് അറിയാവൂ. അവൻ മക്കളോട് ചോദിച്ചു, "അവൻ ഏതു വഴിക്കാണ് പോയത്?" (13:12). മക്കൾ അത് അറിഞ്ഞിരുന്നു. പ്രവാചകൻ യെഹൂദ്യയിലേക്ക് മടങ്ങി പോയത് ഏതു വഴിക്കാണെന്ന് അന്ന് യാഗപീഠത്തിനരികിലുണ്ടായിരുന്ന എല്ലാവർക്കും അറിയാമായിരുന്നു. സങ്കീർണ്ണമായ സമയത്ത് സത്യത്തിനുവേണ്ടി നിലകൊണ്ടതിന്റെ ആനന്ദവുമായിട്ടായിരിക്കാം യുവപ്രവാചകൻ രാജാവിന്റെ സന്നിധി വിട്ട്, തന്റെ കഴുതപ്പുറത്തു കയറി പോയിരിക്കുക.

പ്രവാചകൻ പട്ടണം വിട്ടുപോയത് ഏതു വഴിക്കാണെന്നറിഞ്ഞ ഉടനെ വൃദ്ധനായ പ്രവാചകൻ തന്റെ കഴുതപ്പുറത്തു കയറി ആ യുവപ്രവാചകൻ പോയ വഴിക്ക് വെച്ചു പിടിച്ചു. വൃദ്ധനായ പ്രവാചകൻ ചെന്നപ്പോൾ യുവപ്രവാചകൻ യാത്ര ചെയ്തു ക്ഷീണിച്ചു ഒരു വൃക്ഷത്തണലിൽ വിശ്രമിക്കുകയായിരുന്നു. വൃദ്ധ പ്രവാചകൻ യുവപ്രവാചകനോട് പറഞ്ഞു, "നീ എന്നോടുകൂടെ വീട്ടിൽ വന്ന് ഭക്ഷണം കഴിക്കേണം" (13:15). യെരോബെയാമിന്റെ ക്ഷണത്തെ ദൃഢസ്വരത്തിൽ നിരസിച്ച പ്രവാചകൻ പറഞ്ഞു: എനിക്ക് നിന്നോടുകൂടെ പോരുകയോ, നിന്റെ വീട്ടിൽ കയറുകയോ ചെയ്തുകൂടാ. ഞാൻ ഈ സ്ഥലത്ത് വെച്ച് നിന്നോടുകൂടെ അപ്പം തിന്നുകയില്ല, വെള്ളം കുടിക്കയുമില്ല. "നീ അവിടെ വെച്ച് അപ്പം തിന്നരുത്, വെള്ളം കുടിക്കരുത്, പോയ വഴിയായി മടങ്ങി വരികയും അരുത് എന്ന് യഹോവ അരുളപ്പാടായി എന്നോട് കല്പ്പിച്ചിരിക്കുന്നു" (13:16,17).

വൃദ്ധപ്രവാചകൻ അവനോട് പറഞ്ഞു: "ഞാനും നിന്നെപ്പോലെ ഒരു പ്രവാചകനാകുന്നു. അപ്പം തിന്നുകയും വെള്ളം കുടിക്കയും ചെയ്യേണ്ടതിന്, "നീ അവനെ വീട്ടിൽ കൊണ്ടുവരിക എന്ന് ഒരു ദൂതൻ യഹോവയുടെ കൽപ്പനയാൽ എന്നോട് പറഞ്ഞിരിക്കുന്നു" (13:18).

തുടർന്ന് വചനം പറയുന്നത് ശ്രദ്ധിക്കുക, "വൃദ്ധപ്രവാചകൻ പറഞ്ഞതോ ഭോഷ്ക്കായിരുന്നു" (13:18). ആ വാക്കുകൾ പതുക്കെ ധ്യാനത്തോടെ വായിക്കുക. ആ യുവപ്രവാചകന്റെ വാസ്തവത്തിലുള്ള ആത്മാവ് ഇവിടെ നാം കാണുന്നു. അവൻ വാസ്തവത്തിൽ ദൈവത്തെ അനുസരിക്കുവാൻ സമർപ്പിക്കപ്പെട്ടിരുന്നോ, അതോ അതിനെ കുറിച്ച് ഒരു മൃദു സമീപനമായിരുന്നോ ഉണ്ടായിരുന്നത്? രാജാവിനെ ശാസിച്ച ഒരു യുവപ്രവാചകനെ ഒരു ഭോഷ്ക്കിനാൽ വിഡ്ഢിയാക്കുവാൻ പറ്റുമോ? വാക്യം 19-ൽ ചോദ്യങ്ങൾക്കെല്ലാം ഉത്തരം ഉണ്ട്: "അങ്ങനെ അവൻ അവനോടുകൂടെ ചെന്നു അവന്റെ വീട്ടിൽ ചെന്ന് അപ്പം തിന്നുകയും വെള്ളം കുടിക്കയും ചെയ്തു." ആ വൃദ്ധപ്രവാചകന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കുമ്പോൾ, യുവപ്രവാചകന്റെ ഭാവിയെക്കുറിച്ച് പരിശുദ്ധാത്മാവിനാൽ നിയന്ത്രിതനായി വൃദ്ധപ്രവാചകൻ ഒരു പ്രവചനം നടത്തി:

"നീ യഹോവയുടെ വചനം മറുത്തു നിന്റെ ദൈവമായ യഹോവ നിന്നോട് കൽപ്പിച്ചിരുന്ന കൽപ്പന പ്രമാണിക്കാതെ അപ്പം തിന്നുകയും വെള്ളം കുടിക്കയും ചെയ്യരുതെന്ന് നിന്നോടു കൽപ്പിച്ച സ്ഥലത്ത് നീ മടങ്ങിവന്ന് അപ്പം തിന്നുകയും വെള്ളം കുടിക്കയും ചെയ്തതുകൊണ്ട്, നിന്റെ ശവം നിന്റെ പിതാക്കന്മാരുടെ കല്ലറയിൽ വരികയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു" എന്നു വിളിച്ചുപറഞ്ഞു (13:21,22).

പിന്നീട്, ആ യുവപ്രവാചകൻ വീട്ടിലേക്ക് മടങ്ങി പോകുമ്പോൾ ഒരു സിംഹം അവനെ ആക്രമിച്ചു കൊന്നുകളഞ്ഞു. ആ യുവപ്രവാചകന്റെ മരണവിവരം അറിഞ്ഞ വൃദ്ധപ്രവാചകൻ ചെന്ന് അവന്റെ ശവം പട്ടണത്തിലേക്ക് കൊണ്ടുവന്ന്, തന്റെ കല്ലറയിൽ അടക്കി.

ഭോഷ്ക്ക് വിശ്വസിച്ചാലുള്ള അപകടമാണ് ഈ സംഭവം നമ്മെ ഓർപ്പിക്കുന്നത്. യോഹ. 8:44; അത് രാജാക്കന്മാരെയും ഉപദേഷ്ടാക്കന്മാരെയും സാധാരണക്കാരെയും ഒരുപോലെ നശിപ്പിക്കും. വഴിയിൽ മരിച്ചുകിടക്കുന്ന പ്രവാചകൻ തെളിയിക്കുന്നത്, നമ്മുടെ ദൈവം സത്യവാനാകുന്നു എന്നാണ്. വ്യാജവും ഭോഷ്ക്കും ദൈവത്തിനെതിരാണ്. സത്യം മാത്രമാണ് സ്വർഗ്ഗം നൽകുന്നത്, സത്യത്തെ മാത്രമെ സ്വർഗ്ഗം ആദരിക്കുന്നുള്ളു.

ഒരു നുണ അപകടമാകുവാൻ കാരണം, അതു തെറ്റിദ്ധരിപ്പിക്കുകയും, വഞ്ചിക്കുകയും ചെയ്യുന്നു എന്നതിനാലാണ്. ആയതിനാൽ അത് ദൈവത്തിനെതിരാണ്, കാരണം ദൈവം ഒരിക്കലും വഞ്ചിക്കുന്നില്ല. അവന്റെ വചനം എല്ലായ്പോഴും നേരുള്ളതാണ്. അതു നമ്മെ നീതിപാതകളിൽ നടത്തുന്നു (സങ്കീ.23:3).

തെറ്റ് നമ്മെ ഒരിക്കലും ശരിയായതിലേക്ക് നയിക്കുന്നില്ല, അത് അസത്യത്തിലേക്കും, മരണത്തിലേക്കുമാണ് നയിക്കുന്നത്. തന്റെ വീട്ടിൽ വന്ന് അപ്പം തിന്നുന്നതും വെള്ളം കുടിക്കുന്നതും ശരിയാണെന്ന് ബോധ്യപ്പെടുത്തുവാൻ ദൈവേഷ്ടത്തിനു തികച്ചും വിരുദ്ധമായി വൃദ്ധപ്രവാചകൻ ഒരു നുണ പ്രയോഗിച്ചു. യുവപ്രവാചകൻ അയാളെ വിശ്വസിക്കയും പൂർണ്ണമായും വഞ്ചിക്കപ്പെടുകയും ചെയ്തു.

ഭോഷ്ക്ക് ചിലപ്പോൾ എത്രമാത്രം വിശ്വസനീയമാണെന്ന് ഓർക്കുക. വൃദ്ധപ്രവാചകൻ തന്റെ നുണ ആകർഷണീയമായിട്ടാണ് അവതരിപ്പിക്കുന്നത്. ഒരു ദൂതൻ തനിക്കു പ്രത്യക്ഷനായി യുവപ്രവാചകന് നൽകിയ സന്ദേശത്തിന് പകരം മറ്റൊരു ദൂത് തനിക്കു നൽകിയിരിക്കുന്നു എന്നാണ് പറഞ്ഞത്. തന്റെ ദൂത് വിശ്വസനിയമെന്നാണ് അയാൾ യുവാവിനോട് പറഞ്ഞത്. യെഹൂദ്യയിൽ നിന്നുള്ള പ്രവാചകൻ ആ അപേക്ഷ എന്തുകൊണ്ട് തള്ളിക്കളഞ്ഞില്ല എന്നു നമുക്ക് അറിയില്ല. ഒരുപക്ഷെ യുവപ്രവാചകൻ തന്നോടുതന്നെ പറഞ്ഞിരിക്കാം, "അയാളും ഒരു പ്രവാചകനാണല്ലോ. അയാൾക്ക് ഒരു ദൂതൻ പ്രത്യക്ഷനായി എന്നാണ് പറഞ്ഞത്. എനിക്ക് ഒരു ദൂതൻ പ്രത്യക്ഷനായിട്ടില്ല. അപ്പോൾ അത് ശരിയായിരിക്കണം. അതിനാൽ അവനോടുകൂടെ പോകാം." അങ്ങനെ ആ പ്രവാചകൻ വൃദ്ധപ്രവാചകന്റെ നുണ വിശ്വസിച്ച് ദൈവം തന്നോട് നേരിട്ടു കൽപ്പിച്ച കൽപ്പനയെ വിട്ട് പ്രവർത്തിച്ചു.

"ദർശനം ഉണ്ടായി", "അരുളപ്പാടുണ്ടായി", "കർത്താവ് എനിക്ക് പ്രത്യക്ഷനായി" എന്നു പറയുന്ന ആളുകളെ നാം ശ്രദ്ധിക്കണം. സത്യം എന്തെന്നാൽ ദൈവം തന്റെ വചനമായ ബൈബിൾ നമുക്ക് നൽകിയിട്ടുണ്ട്. ഒരാൾ വന്ന് ബൈബിളിനോട് കൂട്ടിച്ചേർത്തോ, ബൈബിളിൽ ഇല്ലാത്തതോ ആയ കാര്യങ്ങൾ പറയുമ്പോൾ നാം സൂക്ഷിക്കണം. തിരുവെഴുത്തില്ലാത്ത കാര്യങ്ങൾ പറഞ്ഞാൽ നാം വിശ്വസിക്കരുത്, തിരുവെഴുത്തുകളെ മാത്രമെ വിശ്വസിക്കാവൂ! പൗലോസിന്റെ വാക്കുകൾ ഓർമ്മിക്കുക.

എന്നാൽ ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനു വിരോധമായി ഞങ്ങളാകട്ടെ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതനാകട്ടെ നിങ്ങളോട് സുവിശേഷം പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. ഞങ്ങൾ മുൻ പറഞ്ഞതുപോലെ ഞാൻ ഇപ്പോൾ പിന്നെയും പറയുന്നു, നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിനു വിപരീതമായി ആരെങ്കിലും നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ (ഗലാത്യർ 1:8,9).

നുണ അപകടമാകുവാനുള്ള മറ്റൊരു കാരണം അതു നശിപ്പിക്കുന്നു എന്നതാണ്. വൃദ്ധപ്രവാചകൻ യുവപ്രവാചകനെ തന്റെ വീട്ടിലേക്ക് ക്ഷണിച്ചപ്പോൾ, അയാളെ ക്ഷണിച്ചത് ഇരുട്ടിലേക്കും, അധഃപ്പതനത്തിലേക്കും, മരണത്തിലേക്കുമാണ്. നിങ്ങൾ ഒരാളുടെ ആത്മാവിനെ കൊല്ലുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, അയാളെ ഭോഷ്ക്ക് വിശ്വസിച്ച് ജീവിക്കുന്നതിലേക്ക് നയിച്ചാൽ മതി. വചനവിരുദ്ധമായി സംസാരിക്കുന്നവൻ എത്ര യോഗ്യനായാലും, എത്ര ഉന്നതനായി അറിയപ്പെടുന്നവനായാലും ശരി നമ്മുടെ മിത്രമല്ല, ശത്രുവാണ്.

നമുക്ക് ഈ ജീവിതം ദൈവം നൽകിയിരിക്കുന്നത് സത്യത്തോടുചേർന്ന് വചനപ്രകാരം ജീവിക്കുവാനാണ്. വചനവിരുദ്ധമായ കാര്യങ്ങളിലേക്ക് നയിക്കപ്പെടുന്ന ഏതൊരു ജീവിതവും ഇരുട്ടിലാണ്. അതിന്റെ അനന്തരഫലം നാശവും മരണവുമാണ്. അതിനാൽ വചനം പഠിച്ച് അതിൽ നാം നിശ്ചയമുള്ളവരായിരിക്കണം. പ്രവാചകനോ കൃപാവരപ്രാപ്തനോ ആരായിരുന്നാലും നമ്മോടു സംസാരിക്കുമ്പോൾ വചനപ്രകാരം അങ്ങനെ തന്നെയോ എന്നു നാം ഉറപ്പു വരുത്തേണ്ടതാണ്.



നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# കരുണ ലഭിച്ച ദൈവജനം

**"നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാനായ്ക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു. മുമ്പെ നിങ്ങൾ ജനമല്ലാത്തവർ; ഇപ്പോഴോ ദൈവത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ" (1 പത്രോസ്. 2;9,10).**

**ദൈ**വജനം എന്നുപറഞ്ഞാൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധവംശം എന്നർത്ഥം. ഒരു ദേശമായി യിസ്രായേലിന്റെ വിശുദ്ധി അവർ പലപ്പോഴും തെറ്റിച്ചുകളഞ്ഞു. ക്രിസ്തുവിന്റെ പ്രവൃത്തി അതിനെല്ലാം മാറ്റം വരുത്തി.ഇപ്പോൾ ജനമല്ലാതിരുന്ന ആളുകൾ ദൈവത്തിന്റെ ജനമായി തീർന്നു.

വാചകത്തിന്റെ ആരംഭത്തിൽ നിങ്ങളോ എന്ന് ഊന്നിപറഞ്ഞിരിക്കുന്നു. അനുസരിക്കാതിരിക്കുന്നവർ ക്രിസ്തുവിൽ ഇടറും എന്നു പറഞ്ഞതിനുശേഷം പത്രൊസ് പറഞ്ഞു, "നിങ്ങളോ" എന്നു അവരോട് പറയുമ്പോൾ അവർ ആകെ മാറിയിരിക്കുന്നു. ക്രിസ്ത്യാനികളുടെ നാല് രൂപകാലങ്കാരങ്ങൾ അപ്പൊസ്തലൻ ഇവിടെ എടുത്തുകാണിച്ചിരിക്കുന്നു. ഓരോ നാമത്തിനും വിശേഷതാ യോഗ്യതയുണ്ട്: രാജകീയ പുരോഹിതവർഗ്ഗവും, ജാതിയും, വിശുദ്ധരും, ദൈവത്തിന്റെ സ്വന്തജനവും. ഒരു യെഹൂദ ക്രിസ്ത്യാനിക്ക് തന്റെ ചിന്ത പൂർണ്ണമായി മാറ്റുവാൻ ഉതകുന്ന രൂപകാലങ്കാരങ്ങളാണ് അവ. ഒരുപക്ഷെ യെഹൂദന്മാരുടെ ആത്മജ്ഞാനത്തിന് ദൈവത്തിന്റെ തിരഞ്ഞെടുപ്പിനേക്കാൾ വലുതായി മറ്റൊന്ന് ഇല്ലായിരിക്കാം. ഒരിക്കൽ യിസ്രായേലിനെ മാത്രമായിരുന്നു ദൈവം തിരഞ്ഞെടുത്തത്. മറ്റു ദേശക്കാരെ ആരെയും തിരഞ്ഞെടുത്തിരുന്നില്ല. മറ്റു മനുഷ്യർക്ക് ലഭിക്കാതിരുന്ന വിളിയായിരുന്നു അത് എന്ന് യെഹൂദനായിരുന്ന പത്രൊസിന് അറിയാമായിരുന്നു. വിളി സ്വീകരിക്കുന്ന ഏതു ജാതിക്കാരായാലും വർഗ്ഗക്കാരായാലും ക്രിസ്തു മുഖാന്തരം "തിരഞ്ഞെടുക്കപ്പെട്ട വംശമാകുന്നു." കൊർന്നല്യോസിനോടും അവന്റെ ഭവനത്തിലുള്ളവരോടും അപ്പൊസ്തലൻ പറഞ്ഞു, "ദൈവത്തിനു മുഖപക്ഷം ഇല്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു" (അ.പ്ര.10:34,35).



യേശുക്രിസ്തുവിന്റെ സഭ ആയ "പുതിയ യിസ്രായേൽ" എന്ന ആശയം വീണ്ടും കൊടുക്കുവാനായി യിസ്രായേലിന്റെ ചരിത്രത്തിലേക്ക് ആഴമായി ഇറങ്ങുന്ന ആശയങ്ങളുള്ള പ്രയോഗം നടത്തുവാൻ പത്രൊസിന് വിഷമമുണ്ടായിരുന്നില്ല. ആദ്യ ക്രിയാവിശേഷണവും/നാമവും യോജിപ്പിച്ച് "തിരഞ്ഞെടുത്ത വംശം" എന്ന് നേരിട്ടാണ് പറയുന്നത്. ക്രിസ്തുവിലായ, യെഹൂദന്മാരും ജാതികളും ഒന്നായി തീരുന്നു എന്ന് തന്റെ വായനക്കാർ മനസ്സിലാക്കണമെന്ന് അപ്പോസ്തലൻ ആഗ്രഹിച്ചു.

രണ്ടാമത്തെ ക്രിയാവിശേഷണവും/നാമവും സംയോജിപ്പിച്ചിരിക്കുന്നത്, "രാജകീയ പുരോഹിതവർഗ്ഗം" എന്നാണ്. "രാജകീയം" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് (ബാസിലെയിയോൺ) പുതിയനിയമത്തിൽ ലൂക്കോ.7:25-ൽ മാത്രമാണ്. അവിടെ അത് നാമത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, "തിരഞ്ഞെടുക്കപ്പെട്ട ജാതിയും," "വിശുദ്ധ വംശവും" എന്നീ രണ്ടിലും നാമത്തിനു ശേഷം ആണ് ക്രിയാവിശേഷണം വരുന്നത്. (ഗ്രീക്കിൽ ക്രിയാവിശേഷണം ഒന്നുകിൽ നാമത്തിനു മുൻപിലോ അല്ലെങ്കിൽ ശേഷമോ വരാം.) "രാജകീയ പുരോഹിതവർഗ്ഗം" അതായത്, "രാജകീയ" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് നാമത്തിന് മുൻപായിട്ടാണ്. ആ മൂന്നു പ്രയോഗങ്ങളും സമാന്തരമായി കാണേണ്ടിയിരിക്കുന്നു. "രാജകീയ പുരോഹിതവർഗ്ഗം" (ബാസിലെയിയോൺ ബിയരാടെയുമാ) അത് പുറപ്പാട് 19:6 ൽ നിന്നുള്ളതാണ്.

ആ പരിഗണനകളെല്ലാം വെച്ചുനോക്കുമ്പോൾ, തർജ്ജിമക്കാർ ആ പ്രയോഗത്തെ തെറ്റിദ്ധരിച്ചതാകാം എന്നു മനസിലാകും. "രാജകീയ" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് ഒരു നാമം ആയിട്ടാണ്. അർത്ഥം ലൂക്കൊസ് 7:25 ലേതുപോലെ രാജധാനി-'രാജകീയ വീട്' എന്നാണ്. യഥാർത്ഥ തർജ്ജിമയിൽ "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട തലമുറയും, രാജകീയ ഭവനവും, പുരോഹിത വർഗ്ഗവും, വിശുദ്ധ വംശവും ആണ്..." പത്രൊസ് മുൻപ് ക്രിസ്ത്യാനികളെ "ജീവനുള്ള കല്ലുകൾ" ആയി "ആത്മീയ ഗൃഹമായി" പണിയപ്പെടുന്നു എന്നു പറഞ്ഞത് ഇതിനെ ആകർഷണീയമാക്കുന്നു (1 പത്രോ.2:4,5). ക്രിസ്ത്യാനികൾക്ക് രാജകീയ യോഗ്യതകൾ ഉണ്ട് എന്നല്ല അപ്പൊസ്തലൻ പറഞ്ഞത്. രാജകീയ അല്ലെങ്കിൽ രാജാവിന്റെ ഭവനക്കാർ എന്നാണ് ഇവിടെ അർത്ഥമാക്കുന്നത്.

തന്റെ വായനക്കാർ "പുരോഹിത വർഗ്ഗം" എന്നാണ് പത്രൊസ് പറഞ്ഞത്, അല്ലാതെ വ്യക്തികളായി പുരോഹിതന്മാർ എന്നല്ല. അതിൽ വ്യത്യാസം ഉണ്ട്. സഭയുടേതായി പറഞ്ഞിരിക്കുന്ന 'പുരോഹിതവർഗ്ഗം' വിവരിച്ചിരിക്കുന്നത് മൊത്തത്തിലുള്ള ഒന്നായിട്ടാണ്. അത് 'ജാതി' എന്നും 'വംശം' എന്നും പറയുന്നതുപോലെയാണ്. ദേശത്തിന്റെ പുറത്ത് അഹരോന്റെ പൗരോഹിത്യ ശുശ്രൂഷ ഇല്ലാതിരുന്നതുപോലെ, വിശ്വാസികളുടെ സംഘത്തിനപ്പുറമായി 'പുരോഹിത' അഭ്യാസം ഇല്ല. 'പുരോഹിത വർഗ്ഗം' എന്ന വാക്ക് പത്രൊസ് രണ്ട് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (2:5,9). ആ വാക്കുകളെ വ്യത്യസ്തമായിട്ടാണ് പ്രയോഗിച്ചിരിക്കുന്നത്. 2:5-ൽ 'പുരോഹിത വർഗ്ഗത്തിന്റെ' കടമകളെ ആണ് പത്രൊസ് പരിഗണിച്ചിരിക്കുന്നത്. ഉദാഹരണമായി ദൈവത്തിനു പ്രസാദകരമായ യാഗം അർപ്പിക്കുക. 2:9-ൽ, പുരോഹിതന്മാരാകുമ്പോഴത്തെ നേട്ടങ്ങളെ കുറിച്ചാണ് വിവരിക്കുന്നത്. പത്രൊസിന്റെ എല്ലാ രൂപകാലങ്കാരങ്ങളും നേട്ടങ്ങളെയാണ് എടുത്തുകാണിക്കുന്നത്. ക്രിസ്ത്യാനികൾ 'തിരഞ്ഞെടുക്കപ്പെട്ട വംശവും പുരോഹിത കൂട്ടവും, രാജകീയ വാസികളും, വിശുദ്ധ ജനവും' ആകയാൽ, അനുഗ്രഹിക്കപ്പെട്ടവരാണ്.

വിശ്വാസികൾ "ദൈവത്തിന്റെ സ്വന്തജനം" ആകയാൽ അവർ അനുഗ്രഹിക്കപ്പെട്ടവരാണ്. ആ പ്രയോഗം യെശയ്യാവ് 43:20,21 പോലെയാണ്. യെശയ്യാവിൽ ദൈവം വാഗ്ദാനം ചെയ്തു, "ഞാൻ എനിക്കുവേണ്ടി നിയമിച്ചിരിക്കുന്ന ജനത്തിന് ഞാൻ കുടിപ്പാൻ കൊടുക്കും." ദൈവത്തെ യിസ്രായേൽ മനസ്സിലാക്കിയതുപോലെ, തങ്ങൾ ദൈവത്തിന്റെ സ്വന്തജനമാണെന്ന് ക്രിസ്ത്യാനികൾ മനസ്സിലാക്കണം. ക്രിസ്ത്യാനികളുടെ പരാജയങ്ങൾ എടുത്തുകാണിച്ച് അവിശ്വാസികൾ പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുമ്പോൾ, തങ്ങൾ ദൈവജനമാണെന്ന ബോധം ക്രിസ്ത്യാനിക്ക് ഉണ്ടായിരിക്കണം. തന്റെ അനുയായികൾ എങ്ങനെയായിരിക്കണമെന്ന് യേശു ഓർമ്മിപ്പിക്കുന്നു, "നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു... നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു" (മത്താ.5:13,14).

ക്രിസ്ത്യാനികൾ ദൈവത്തിനുള്ളവരായത് ഒരു ഉദ്ദേശത്തിനു വേണ്ടിയാണ്. അത് സ്വന്ത മഹത്വത്തിനല്ല, ദൈവമഹത്വത്തിനാണ്. അത് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാനാണ്. ആശയ സംഘട്ടനങ്ങളുടേയും മൽസരങ്ങളുടേയും ഇടയിൽ നിന്നാണ് ഒരാൾ ക്രിസ്ത്യാനിത്വം തിരഞ്ഞെടുക്കുന്നത്. കാരണം, അത് തന്റെ ജീവിതത്തിനു യോജിച്ചതും നല്ലതുമാണ് എന്നതിനാലത്രെ. പ്രത്യാശാരാഹിത്യത്തിൽ നിന്നും, നിരാശയിൽനിന്നും ആളുകളെ ക്രിസ്തു വിടുവിക്കുകയാണ്, അല്ലെങ്കിൽ പത്രൊസ് പറഞ്ഞതുപോലെ, ഇരുട്ടിന്റെ അധികാരത്തിൽനിന്ന് അത്ഭുത പ്രകാശത്തിലേക്ക് വേർതിരിച്ചിരിക്കുകയാണ്. വിശ്വാസികൾ തന്നെത്താൻ മറന്ന് അവന്റെ മഹത്വം അന്വേഷിക്കുമ്പോഴാണ് അവർക്ക് ദൈവത്തിന്റെ അനുഗ്രഹങ്ങൾ ആസ്വദിക്കുവാൻ കഴിയുന്നത്.

നിങ്ങൾ ദൈവത്തിന്റെ ജനമാണ് എന്ന് തന്റെ വായനക്കാരെ തറപ്പിച്ച് ബോധ്യപ്പെടുത്തുവാൻ അപ്പൊസ്തലൻ പഴയനിയമ ഭാഷയും ഭാവനയും ഉപയോഗിക്കുന്നത് തുടരുകയാണ്. യിസ്രായേലിനു വേണ്ടിയുള്ള പ്രയോഗമാണ് 'ജനം' (ലാവോസ്). യെഹൂദന്മാരല്ലാത്ത ജനത്തെ പറയുവാൻ ഉപയോഗിച്ച വാക്കാണ് 'എത്നോസ്'. വാമൊഴിയായി പത്രൊസ് ഹോശെയാവ് ഉദ്ധരിച്ചില്ല. എങ്കിലും എട്ടാം നൂറ്റാണ്ടിലെ പ്രവാചകന്റെ ചിന്ത അവന്റെ വാക്കുകളിൽ പ്രതിധ്വനിച്ചിരിക്കുന്നു. ഹോശെയാവിന്റെ വാക്കുകൾ തികച്ചും വ്യക്തിപരമായിരുന്നതിനാൽ അവനും അവന്റെ ഭാര്യയും മക്കളും അടയാളങ്ങളും സൂചനകളുമായി. അവന്റെ ഭാര്യ 'ഗോമർ പരസംഗം' ചെയ്തു (ഹോശ.1:2), അങ്ങനെ പ്രവാചകന് ലഭിച്ച മകൾക്ക് 'കരുണ ലഭിക്കാത്തവൾ' എന്നു പേരിട്ടു (ഹോശെ.1:6), ഒരു പുത്രനുണ്ടായപ്പോൾ അവന്, "എന്റെ ജനമല്ലാത്തവൻ" എന്നു പേരിട്ടു (ഹോശെ.1:9). ക്രമേണ ദൈവത്തിന്റെ കരുണ യിസ്രായേലിന്റെ പാപത്തിന്മേൽ വിജയം കൈവരിച്ചു. "കരുണ ലഭിക്കാത്തവളോട് ഞാൻ കരുണ കാണിക്കും. എന്റെ ജനമല്ലാത്തതിനോട്, 'നീ എന്റെ ജനം എന്നു പറയും!" (ഹോശെ.2:23).

തന്റെ വായനക്കാരിൽ ഭൂരിഭാഗം വരുന്ന ജാതികളിൽനിന്നു പരിവർത്തനം ചെയ്തവരോട് സന്ദേശം ഉറപ്പിച്ചുകൊടുപ്പാൻ അപ്പൊസ്തലൻ ഹോശെയാവിന്റെ വാക്കുകൾ കടമെടുത്തു. ഒരിക്കൽ ജനം അല്ലാതിരുന്നവർ; ഇപ്പോഴോ, ദൈവത്തിന്റെ ജനമായി; മുൻപ് കരുണ ലഭിക്കാത്തവർ, ഇപ്പോഴോ, കരുണ ലഭിച്ചവർ എന്നു പറഞ്ഞു. യിസ്രായേലിന്റെ അധർമ്മവും വിഗ്രഹാരാധനയും കാരണം അവർക്ക് ന്യായവിധി വരുന്നു എന്നാണ് ഹോശെയാവ് ജനത്തോട് പറഞ്ഞത്. എന്നാൽ ദൈവത്തിന്റെ കരുണ നിന്നുപോകുന്നതല്ല എന്ന് ഹോശെയാവ് യിസ്രായേലിനെ ഉറപ്പിച്ച് ബോധ്യപ്പെടുത്തി. തന്റെ ജനത്തോട് ദൈവം വീണ്ടും കരുണ കാണിക്കുന്നത് പ്രവാചകൻ മുൻകാണുകയുണ്ടായി.

പത്രൊസിന്റെയും ഹോശെയാവിന്റെയും സന്ദേശങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. ദൈവത്തിന്റെ വാഗ്ദാനങ്ങളെയും കരുണയെയും ജാതികൾ മുൻപ് അറിഞ്ഞിരുന്നില്ല, എന്നാൽ ഇപ്പോൾ അവർ ജനമായി, ദൈവത്തിന്റെ സ്വന്തജനമായി തീർന്നു എന്നതാണ് പത്രൊസിന്റെ സന്ദേശം. റോമർ 9:25,26-ൽ പൗലൊസ് ഹോശെയാവിന്റെ ഉദ്ധരണി പത്രൊസ് പറഞ്ഞതിനേക്കാൾ ചുരുക്കമായി പറഞ്ഞിരിക്കുന്നു, പൗലൊസിന്റെ വാക്കുകളും വ്യക്തമാക്കുന്നത് ദൈവജനം എന്നു പറയുന്നത്, "യെഹൂദന്മാരിൽനിന്നു മാത്രമല്ല, ജാതികളിൽനിന്നുംകൂടിയാണ്" എന്നത്രെ (റോമ.9:23-26).

**വേദാഭിമാനിയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യമുള്ളവർ ടൈറ്റസ് കാർത്തികപ്പള്ളിയുമായി ബന്ധപ്പെടുക**

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# ഉയർന്നു പറക്കണമെങ്കിൽ

ഒരു പാർക്കിൽ പട്ടം പറപ്പിക്കൽ ഉത്സവം നടക്കുന്ന അവസരം. ഒരു വല്യപ്പച്ചൻ തന്റെ കൊച്ചുമകനെ ആ ഉത്സവത്തിൽ പങ്കെടുപ്പിക്കാൻ കൊണ്ടുപോയി. അവർ അവിടെ എത്തുമ്പോൾ ആകാശം നിറയെ പല വർണ്ണങ്ങളിലും വലിപ്പത്തിലുമുള്ള പട്ടങ്ങൾ പാറിപ്പറക്കുന്നു. കൊച്ചുമകന് ആ കാഴ്ച വലിയ ഇഷ്ടമായി. അവൻ സന്തോഷം കൊണ്ടു തുള്ളിച്ചാടി.

അല്പം കഴിഞ്ഞപ്പോൾ അവനും പട്ടം പറപ്പിക്കാൻ വലിയ മോഹമായി. അവൻ അക്കാര്യം വല്യപ്പച്ചനോടു പറഞ്ഞു. അദ്ദേഹം ഉടനെ അവനെ കൂട്ടിക്കൊണ്ട് ഒരു ഷോപ്പിലേക്കു പോയി. അവിടെ അവനിഷ്ടപ്പെട്ട ഏറ്റവും നല്ല പട്ടം അവൻ തിരഞ്ഞെടുത്തു. വല്യപ്പച്ചൻ സന്തോഷപൂർവ്വം അത് അവനു വാങ്ങിക്കൊടുത്തു.

പട്ടം പറപ്പിക്കുവാൻ അപ്പോൾ അവന് തിടുക്കമായി. വല്യപ്പച്ചൻ വീണ്ടും അവനെ പാർക്കിലേക്കു കൊണ്ടുപോയി. അവിടെ രണ്ടുപേരും കൂടി പട്ടം പറപ്പിക്കുവാൻ തുടങ്ങി. അല്പം ക്ലേശിച്ചതിനുശേഷമാണ് ആദ്യം അവർക്കു പട്ടം ഉയർത്താനായത്.

അപ്പോഴേക്കും കാറ്റു ശരിയായ ദിശയിൽ വീശുന്നുണ്ടായിരുന്നു. വല്യപ്പച്ചനും കൊച്ചുമകനുംകൂടി പട്ടം സാവധാനം പറപ്പിക്കാൻ തുടങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ അവരുടെ പട്ടം കൂടുതൽ ഉയരത്തിലേക്കു പൊങ്ങുവാൻ തുടങ്ങി. അപ്പോൾ അവർ പട്ടത്തിന്റെ ചരട് അയച്ചു വിട്ടുകൊണ്ടിരുന്നു.

പട്ടം വീണ്ടും കൂടുതൽ ഉയരത്തിൽ പറക്കാൻ തുടങ്ങി. അപ്പോഴേക്കും ചരടിന്റെ നീളം തീർന്നിരുന്നു. പട്ടത്തിനു കൂടുതൽ ഉയരത്തിലേക്കു പോകുവാൻ സാധിക്കാതിരുന്നതുകൊണ്ടു കൊച്ചുമകനു വിഷമമായി. അവൻ ചുറ്റിലും നോക്കി. മറ്റുള്ളവരുടെ പട്ടങ്ങളും അവന്റെ പട്ടംപോലെ ആകാശത്തിൽ പാറിപ്പറക്കുകയായിരുന്നു. അവരുടെയെല്ലാവരുടെയും പട്ടത്തിന്റെ ചരടുകളുടെ അറ്റം അവരുടെ കൈകളിലായിരുന്നു. തന്മൂലം അവയും കൂടുതൽ ഉയരത്തിലേക്കു പോകാനാവാതെ ഒരേ ഉയരത്തിൽത്തന്നെ പറക്കുകയായിരുന്നു.

അല്പനേരം ആലോചിച്ചതിനുശേഷം അവൻ ചോദിച്ചു; "വല്യപ്പച്ചാ, നമ്മൾ ചരടിൽ പിടിച്ചിരുന്നതു കൊണ്ടല്ലേ നമ്മുടെ പട്ടം കൂടുതൽ ഉയരത്തിലേക്കു പോവാത്തത്? നമ്മൾ ചരടു വിടുകയാണെങ്കിൽ അതു വീണ്ടും മുകളിലേക്കു പോകില്ലേ?" അപ്പോൾ വല്യപ്പച്ചൻ പറഞ്ഞു: "നാം ചരടിന്റെ പിടിവിട്ടാൽ പട്ടം അതിവേഗം താഴോട്ടു പോരും."

വല്യപ്പച്ചൻ പറഞ്ഞതു കേട്ടിട്ടു കൊച്ചുമകന് അത്ര ബോധ്യം വന്നില്ല. അവൻ പറഞ്ഞു: "ചരടു നമുക്കൊന്നു വിട്ടുനോക്കാം. അപ്പോൾ എന്തു സംഭവിക്കുമെന്നു കാണാമല്ലോ." അപ്പോൾ പട്ടത്തിന്റെ ചരടിലുള്ള പിടിവിട്ടുകൊള്ളുവാൻ അദ്ദേഹം അനുവദിച്ചു.

അവൻ പെട്ടെന്നു പട്ടത്തിന്റെ ചരടിലുള്ള പിടിവിട്ടു. അപ്പോൾ കാറ്റിന്റെ ഗതി അനുസരിച്ചു പട്ടം അങ്ങോട്ടുമിങ്ങോട്ടും പറന്നു. കുറച്ചു കഴിഞ്ഞപ്പോൾ അതു താഴോട്ടു വീണു. പക്ഷേ, അതു ചെന്നു വീണതാകട്ടെ ഒരു മരത്തിന്റെ മുകളിലും.

അപ്പോൾ കൊച്ചുമകനു വലിയ സങ്കടമായി. അവൻ ചോദിച്ചു: കാറ്റുണ്ടായിട്ടും എന്തുകൊണ്ടാണു പട്ടം താഴേക്കു വീണത്." ഉടനെ വല്യപ്പച്ചൻ പറഞ്ഞു: "കാറ്റുകൊണ്ടു മാത്രം ഒരു പട്ടത്തിനു പറന്നു പൊങ്ങാനാവില്ല. ശരിയായ ദിശയിൽ ചരടുകൊണ്ട് അതിനെ നിയന്ത്രിക്കുവാൻ ആരെങ്കിലും വേണം. അല്ലെങ്കിൽ അതു താഴെ പോരുകതന്നെ ചെയ്യും."

നമ്മുടെ ജീവിതമാകുന്ന പട്ടം ഉയർന്നു പറക്കണമെങ്കിൽ മറ്റുള്ളവരുമായി നമ്മെ ബന്ധിപ്പിക്കുന്ന ചരട് നമുക്ക് ആവശ്യമാണ്. എന്നാൽ, അതിലേറെ നമുക്ക് ആവശ്യമായിരിക്കുന്നത് ദൈവവുമായി നമ്മെ ബന്ധിപ്പിക്കുന്ന ചരടാണ്. എന്നുമാത്രമല്ല, ആ ചരടിന്റെ നിയന്ത്രണം നാം ദൈവത്തിന്റെ കൈകളിൽ നൽകുകയും വേണം.

ചരടുപൊട്ടിയ പട്ടം ഉയരത്തിൽ പറന്നുപൊങ്ങുമെങ്കിലും ദിശതെറ്റി അവസാനം എവിടെയെങ്കിലും കുരുങ്ങി നശിച്ചുപോകുകയേയുള്ളു. ഇതുപോലെ മനുഷ്യജീവിതങ്ങൾ എത്ര ഉയരത്തിൽ എത്തപ്പെട്ടാലും ദൈവീക നിയന്ത്രണത്തിൽ അല്ലെങ്കിൽ ഒരിക്കലും അത് ലക്ഷ്യത്തിൽ എത്തുകയില്ല. ദൈവിക നിയന്ത്രണത്തിൽ ഉയർന്നു പൊങ്ങി ലക്ഷ്യത്തിൽ എത്തുവാൻ ദൈവകരങ്ങളിൽ നമ്മെ സമ്പൂർണ്ണമായി സമർപ്പിക്കാം.



# ഇങ്ങനെയും ഒരു കാലം

'ഉള്ളവനും ഇല്ലാത്തവനും' എന്നു പറഞ്ഞാൽ കഞ്ഞിക്കു വകയുള്ളവനും ഇല്ലാത്തവനും എന്നർഥം. 'ഹാവ്സ് ആൻഡ് ഹാവ് നോട്സ്!'

കീറിയ ഒരു പച്ചമുളകും ഉപ്പുകല്ലും ഇട്ട പഴങ്കഞ്ഞി ഒരുനേരം മാത്രം കുടിക്കുന്നവരും അറുപത്തിനാലുകൂട്ടം കറികൾ കൂട്ടി ഉച്ചയ്ക്ക് അമൃതേത്തു കഴിക്കുന്ന രാജാക്കന്മാരും ഇവിടെ ചത്തും കൊന്നും കൊടുത്തും കഴിഞ്ഞുകൂടി. എന്നും സദ്യയുണ്ടായാൽ രാജാവിനും ദൈവങ്ങൾക്കും വയറിന് അസുഖം വരും. അഗ്നിമാന്ദ്യം (വിശപ്പില്ലായ്മ), അത്യാഗ്നി(അമിത വിശപ്പ്), വയറെരിച്ചിൽ (അസിഡിറ്റി), വായൂകോപം (ഗ്യാസ്ട്രബിൾ) തുടങ്ങിയവ രാജകീയ അസുഖങ്ങളായിരുന്നു. നിലമ്പൂരിലെ ഒരു രാജാവിനെ വിശപ്പില്ലായ്മയും ഇടപ്പള്ളിയിലെ ഒരു നൃപനെ ഭീകരമായ വിശപ്പും ആക്രമിച്ചതായി കഥകളുണ്ട്. നിലമ്പൂർ രാജാവിന് ഏഴുപറ അരിയുടെ കഞ്ഞി ദിവസവും വേണമായിരുന്നത്രേ. ഇതിനു പുറമേ പഴങ്ങളും മറ്റും വേറെയും! 'ഒരു പ്ലാവിലക്കഞ്ഞി' കുടിച്ചിട്ടു മരിച്ചാൽ മതിയെന്നായിരുന്നു ഒരു ഇടപ്പള്ളി രാജാവിന്റെ ആഗ്രഹം!

സത്യത്തിൽ, നമ്മുടെ രാജാക്കന്മാർ സാധാരണക്കാരെപ്പോലെ രാവിലെയും വൈകുന്നേരവും കഞ്ഞികുടിച്ചാണു കഴിഞ്ഞിരുന്നത്. ഉച്ചയ്ക്കുള്ള അമൃതേത്താണ് മിക്കവർക്കും ഗ്യാസ്ട്രബിളും അസിഡിറ്റിയുമുണ്ടാക്കിയിരുന്നത്. അമൃതേത്ത് ഒരു കലാപരിപാടി പോലെയായിരുന്നു. വെറും നിലത്ത് പായ് വിരിച്ചാണ് രാജാവ് ഉണ്ണാനിരിക്കുക. കത്തിച്ചുവച്ച നിലവിളക്കും നിറപറയും മുമ്പിലുണ്ടായിരിക്കും. മൂന്നു നീണ്ട വാഴയിലകൾ കൂട്ടിവച്ചും ചുവട്ടിൽ വേറെ ഇലയിട്ടുമാണ് സദ്യ വിളമ്പുക. അമൃതേത്തിന് 64 കൂട്ടം കറികളുണ്ടാവും. എട്ടുകൂട്ടം ഉപ്പേരി, എട്ടുകൂട്ടം ഉപ്പിലിട്ടത്, എട്ടുകൂട്ടം പ്രഥമൻ, വലിയ പപ്പടം, പഞ്ചസാര, അനേകം കറികൾ. അമൃതേത്തു കഴിഞ്ഞാൽ പഴവർഗങ്ങളും ഉണ്ടാകും.

രാജാവ് ഉണ്ണുമ്പോൾ കൂടെയിരുന്നുണ്ണാനും ഒരാളെ അപ്പോയിന്റ് ചെയ്തിരുന്നു. അന്നദാതാവായ പൊന്നുതമ്പുരാൻ അമൃതേത്തു കഴിക്കുമ്പോൾ കൂടെ ഒരാൾ കൂടി ഉണ്ണണം എന്നാണ് റൂളും ചട്ടവും. അമൃതേത്തിനുള്ള വിഭവങ്ങളിൽ ആരെങ്കിലും വിഷം ചേർത്തിട്ടുണ്ടോ എന്നറിയുകയാണ് കൂടെ ആളെ ഇരുത്തി ഊട്ടുന്നതിന്റെ ഗുട്ടൻസ്. ഭക്ഷണത്തിൽ വിഷം കലർത്തി വകവരുത്തുന്നത് പണ്ടേയുള്ള രീതിയായിരുന്നുവല്ലോ. ഒപ്പമിരുന്ന് ഉണ്ണാനുള്ള ആളെ കിട്ടിയില്ലെങ്കിൽ കുറച്ചു ചോറും കറികളും കുഴച്ചുരുട്ടി കാക്കകൾക്ക് ഇട്ടുകൊടുക്കാറുമുണ്ടായിരുന്നു.

പക്ഷേ, രാജാക്കന്മാരുടെ ആരോഗ്യത്തിന്റെ ലക്ഷണം കഞ്ഞികുടിയായിരുന്നു. രാവിലെയും സന്ധ്യകഴിഞ്ഞുമാണ് കഞ്ഞികുടി. 'തിരുമേനി ഇന്നലെ കഞ്ഞികുടിച്ചില്ല!' എന്നാരെങ്കിലും പറഞ്ഞ് പുറത്തറിഞ്ഞുപോയാൽ 'കറുത്ത പുകയോ,' 'വെളുത്തപുകയോ' ഏതാണെന്നറിയാതെ വോട്ടർമാർ കുഴങ്ങും. കിംവദന്തികൾ അയൽ രാജ്യത്തേക്കും നടന്നുകയറും. രാജാവിന് കഞ്ഞികുടിക്കാൻ വയ്യാതായി എന്ന ഒറ്റ കാരണം കൊണ്ട് അയൽ രാജാവ് വന്ന് ആക്രമിച്ചെന്നുംവരും.

അസുഖം വന്നുകിടക്കുന്ന രാജാവിനോട് 'ഇനി കഞ്ഞി കുടിച്ചുതുടങ്ങാം!' എന്ന് കൊട്ടാരം വൈദ്യൻ പറഞ്ഞാൽ രാജാവ് ഉടനെയൊന്നും സിദ്ധികൂടുകയില്ല എന്നാണർഥം. പിന്നെ, വേറൊരു മെഡിക്കൽ റിപ്പോർട്ടിന്റെയോ പത്രക്കുറിപ്പിന്റെയോ ആവശ്യമില്ല.

രാജാക്കന്മാർക്ക് സദ്യയൊരുക്കാൻ മികച്ചയിനം നെല്ലുവേണമായിരുന്നു. അതിനു പ്രത്യേക കൃഷിസ്ഥലമുണ്ടായിരുന്നു. ഇപ്പോൾ തമിഴ്നാട്ടിലായ നാഞ്ചിനാടിലെ പാടങ്ങളിലെ നെല്ലായിരുന്നു തിരുവിതാംകൂർ രാജാക്കന്മാരുടെ സദ്യക്ക് ഉപയോഗിച്ചിരുന്നത്. പൂഞ്ഞാർ രാജാക്കന്മാരുടെ സദ്യയ്ക്കുള്ള നെല്ല് ഇപ്പോഴത്തെ ഇടുക്കി ജില്ലയിലെ അടിമാലിയിലെ 'പൂഞ്ഞാറുകണ്ടത്തിൽ' നിന്നായിരുന്നു കിട്ടിയിരുന്നത്. ഈ പ്രദേശം ഇന്ന് അടിമാലി ബസ്സ്റ്റാൻഡാണ്.

പരശുരാമൻ 64 അനാചാരങ്ങൾ വിധിച്ചിരുന്നു. അതിൽ ഒരു നിർദ്ദേശം ഇതാണ്: 'ചോറ് ഉരുട്ടാതെ വാരിത്തിന്നുകയോ ഉരുട്ടിയ ഉരുള പകുതി ഉണ്ടിട്ട് താഴെവയ്ക്കുകയോ അരുത്.' അതുകൊണ്ട്, സദ്യയ്ക്ക് ഉരുള ഉരുട്ടി വിഴുങ്ങണം എന്നുതന്നെയാണ് റൂൾ. രാജാക്കന്മാർ മാത്രമല്ല, ജനങ്ങളും ഇതു പാലിച്ചിരുന്നു. ചോറു വാരിയുണ്ണുന്നത് നല്ലതല്ലെന്നാണു വെപ്പ്.

നമ്മുടെ ഭക്ഷണശീലങ്ങൾ മാറിയത് കോഴിക്കോട് സാമൂതിരിയുടെ കാലത്തായിരിക്കുമെന്നു തോന്നുന്നു. ഏറെ നൂറ്റാണ്ടുകൾക്കു മുമ്പ് കോഴിക്കോട്ട് കപ്പലിൽ വന്നിറങ്ങിയ ധനാഢ്യരും ധൈര്യശാലികളുമായ അറബി വ്യാപാരികൾ നെയ്ച്ചോറിന്റെയും ബീഫിന്റെയും ബിരിയാണിയുടെയും സ്വാദ് നമുക്ക് മനസ്സിലാക്കിത്തന്നു. അവർ കടപ്പുറത്തെ രമ്യഹർമ്യങ്ങളിലും സ്വന്തം ഭക്ഷണശാലകളിലും ബിരിയാണി സദ്യകൾ നടത്തി. പൊതുസ്ഥലങ്ങളിൽ സുപ്രവിരിച്ച് ചുറ്റുമിരുന്ന് വലിയ തളികയിൽ മൂരിയിറച്ചിയും നെയ്ച്ചോറും വിളമ്പി തീറ്റ ഉത്സവങ്ങൾ നടത്തി. കുങ്കുമവും മഞ്ഞൾപൊടിയും ഇട്ട ബിരിയാണിയും മുളകിലും മസാലയിലും ചാലിച്ച ബീഫും! കാലക്രമേണ മലബാറിൽ പ്രഫഷണൽ ബിരിയാണി വയ്പുകാരുണ്ടായി. നാട്ടിലെങ്ങും 'തലശേരി ബിരിയാണി' പ്രശസ്തി നേടി. അങ്ങനെ പച്ചക്കറി സദ്യയുടെ ആവർത്തനങ്ങളുടെ വിരസതയിൽ നിന്ന് മലയാളി മുക്തി നേടി. കോഴിക്കോട് കാപ്പാട് വന്നിറങ്ങിയ ഗാമ പോർട്ടുഗീസ് ഭക്ഷണങ്ങൾ ഇവിടെ പ്രചരിപ്പിച്ചു. വിവിധതരം മാംസങ്ങൾ, ടിന്നിലടച്ച ഭക്ഷണങ്ങൾ, കശുവണ്ടി, പപ്പായ എന്തിന് പുട്ടു പോലും അവർ കൊണ്ടുവന്നു.



## വീറും ഉശിരും ബീഫും

അറബികളും പോർട്ടുഗീസുകാരും നടത്തിയ ഭക്ഷണോത്സവങ്ങളിൽ നമ്മുടെ സസ്യഭോജികളായ രാജാക്കന്മാർ പങ്കെടുത്തിരുന്നെങ്കിൽ എന്താകുമായിരുന്നു ചരിത്രം? നെയ്ച്ചോറും ബീഫും ബിരിയാണിയും ബ്രെഡും ബട്ടറും കഴിച്ച് വീറും ഉശിരും വന്ന സാമൂതിരിയും മറ്റും വർധിച്ച ആവേശത്തോടെ യുദ്ധങ്ങൾ നടത്തി വിജയിക്കുമായിരുന്നില്ലേ? അങ്ങനെയെങ്കിൽ ചരിത്രഗതിതന്നെ മാറുമായിരുന്നു. മൈസൂരിൽ നിന്ന് ഹൈദരാലി വന്ന് മൂരിയിറച്ചി തീറ്റിക്കുമെന്നു കേട്ട് വൈരമോതിരം വിഴുങ്ങി ജീവനൊടുക്കിയ സാമൂതിരിയുടെ കഥ നമുക്കറിയാം. അദ്ദേഹം ധൈര്യമായി ബീഫ് കഴിച്ച് ജീവിതത്തെ നേരിട്ടിരുന്നെങ്കിൽ!

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

***ക്രിസ്തീയ ആരാധനയിൽ പ്രാധാന്യത്തോടെയാണ് "കർതൃമേശ" അനുഷ്ഠിച്ചുപോരുന്നത്. എന്നാൽ ബേക്കറികളിൽ നിന്നു ലഭിക്കുന്ന പുളിച്ച മാവുകൊണ്ടുള്ള ബ്രഡാണ് കർതൃമേശയ്ക്ക് ഉപയോഗിക്കുന്നത്. അപ്പം ഏതായാലും കുഴപ്പമില്ല എന്നുള്ള വീക്ഷണവും അത് പ്രാർത്ഥിച്ച് വിശുദ്ധീകരിക്കുന്നുണ്ടല്ലോ എന്ന ചിന്താഗതിയും തിരുവചനാടിസ്ഥാനത്തിൽ ശരിയോ തെറ്റോ?***

പാ. ജോൺസൺ പുറമറ്റം, മേലുകാവ്, തൊടുപുഴ, ഇടുക്കി

**മി**സ്രയീമിൽ ഫറവോന്റെ അടിമത്വത്തിൽ വിവിധ യാതനകളിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്ന യിസ്രായേൽ ജനത്തിന് മോശെയുടെയും അഹരോന്റെയും നേതൃത്വത്തിൽ ഒരു വിടുതൽ ദൈവം നൽകി. ഊനമില്ലാത്ത പെസഹ കുഞ്ഞാടിന്റെ രക്തത്താൽ ഓരോ കുടുംബവും കടിഞ്ഞൂൽ സംഹാരത്തിൽ നിന്ന് രക്ഷപ്രാപിച്ചു. ഇതിന്റെ ഓർമ്മയ്ക്കായി പാലും തേനും ഒഴുകുന്ന വാഗ്ദത്ത ദേശത്ത് ഒരു ചട്ടമായി തലമുറയായി പെസഹ ആചരിപ്പാൻ കല്പിച്ചു. അങ്ങനെ തീയിൽ ചുട്ടതായ മാംസവും പുളിപ്പില്ലാത്ത അപ്പവും കൈപ്പ് ചീരയോടുകൂടി കല്പനപ്രകാരം അവർ ഭക്ഷിച്ച് ഈ ചട്ടം ആചരിച്ചുപോന്നു.

ആദാമ്യ പാപത്താൽ 'വീഴ്ച സംഭവിച്ച' മാനവജാതിക്ക് എന്നന്നേക്കുമുള്ള വീണ്ടെടുപ്പിനുവേണ്ടി കാൽവറിയിൽ പ്രായശ്ചിത്തമാകുവാൻ പോകുന്ന ദൈവകുഞ്ഞാടായ മശിഹായുടെ കഷ്ടാനുഭവങ്ങളെയും പരമയാഗത്തേയും ചൂണ്ടിക്കാണിച്ചുകൊണ്ട് യിസ്രായേൽ ജനം പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആഘോഷിച്ചുപോന്നു. ഇവിടെ പ്രതിപാദിച്ചിരിക്കുന്ന ഊനമില്ലാത്ത കുഞ്ഞാടും പുളിപ്പില്ലാത്ത അപ്പവും ദൈവപുത്രനായ യേശു ആണെന്നുള്ളതിൽ പ്രതിവാദമില്ല. യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവന്റെ അപ്പം ആകുന്നു എന്നും എന്നെ തിന്നുന്നവൻ എന്മൂലം ജീവിക്കും എന്നുമുള്ള യാഥാർത്ഥ്യങ്ങൾ തിരുവായ്മൊഴിഞ്ഞു അരുളിച്ചെയ്തിരിക്കുന്നത് യോഹന്നാൻ 6-ാം അദ്ധ്യായത്തിൽ കാണാൻ സാധിക്കും. ദൈവവചനത്തിൽ ആദിയോടന്തം പുളിപ്പ് മ്ലേച്ഛതയേയും ദുഷ്ടതയേയും അശുദ്ധിയേയും കാണിക്കുന്നു (പുറ.12:15, 34:25; ലേവ്യ.2:11, 10:12). കർത്താവും രക്ഷിതാവും നമ്മുടെ നല്ല മഹാപുരോഹിതനുമായ യേശു താനും, തന്റെ ഐഹിക ജീവിതകാലത്ത് പുളിപ്പിനെ ദുഷ്ടതയെയും ദുരുപദേശത്തേയും സാദൃശീകരിപ്പാൻ മാത്രമേ തിരുവെഴുത്തുകളിൽ ഉപയോഗിച്ചിട്ടുള്ളു (മത്താ.16:6-12; മർക്കോ.8:15).



പെസഹാ കുഞ്ഞാടിനെ അറുക്കുന്നതായ പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുവചന നിവൃത്തി എന്നവണ്ണം സാക്ഷാൽ മാനവജാതിക്കുവേണ്ടി അറുക്കപ്പെടുവാൻ പോകുന്ന ദൈവത്തിന്റെ നിഷ്കളങ്ക കുഞ്ഞാട് ശിഷ്യന്മാരുമായി പെസഹ ഒരുക്കി ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ തന്റെ പാപവും മാലിന്യവുമില്ലാത്ത ശരീരത്തെ സാദൃശീകരിക്കുന്ന പുളിപ്പില്ലാത്ത അപ്പം കൈകളിൽ എടുത്ത് വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്ക് കൊടുത്തു. വാങ്ങി ഭക്ഷിപ്പിൻ ഇത് (പുളിപ്പില്ലാത്ത) എന്റെ ശരീരം എന്ന് അരുളിച്ചെയ്തു (മത്താ.26:17-30; മർക്കോ.14:1-26).

മേലുദ്ധരിച്ച വേദഭാഗങ്ങൾ കർത്തൃമേശയിൽ കർത്താവായ യേശുവിന്റെ ശരീരത്തിന്റെ സാദൃശ്യമായി ഉപയോഗിക്കേണ്ടുന്ന അപ്പം പുളിപ്പില്ലാത്തത് ആയിരിക്കേണം എന്നത് വ്യക്തമാക്കുന്നു. എന്തുകൊണ്ട് കർത്താവായ യേശു പെസഹാ ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ പുളിപ്പില്ലാത്ത അപ്പം എടുത്ത് തന്റെ ശരീരത്തെ സാദൃശീകരിച്ചു എന്നുള്ളതുതന്നെ അതിൽ അന്തർലീനമായിരിക്കേണ്ടുന്ന സ്വഭാവഗുണങ്ങളെ ചൂണ്ടിക്കാണിക്കുന്നു. ഒന്നാമതായി മനുഷ്യവർഗ്ഗത്തിനുവേണ്ടി പരമയാഗമായിത്തീർന്ന ദൈവകുഞ്ഞാടിന്റെ പാവനത, ഊനമില്ലായ്മ (1 കൊരി.10:16). രണ്ടാമതായി പല ധാന്യമണികൾ പൊടിച്ച് ഉണ്ടാക്കപ്പെട്ട അപ്പം പലരായ ദൈവമക്കൾ ക്രിസ്തുവിൽ ഏക ശരീരം (1 കൊരി.10:17). മൂന്നാമതായി വിശുദ്ധരായ വിശ്വാസികൾ തിന്മയും ദുഷ്ടതയും എന്ന പുളിപ്പിന് പകരം സ്വച്ഛതയും സത്യവുമെന്ന പുളിപ്പില്ലായ്മയായ വിശുദ്ധിയിൽ സാക്ഷാൽ പെസഹ കുഞ്ഞാടായ ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെ സാദൃശീകരിക്കുന്നു (1 കൊരി.5:7-8). മേലുദ്ധരിച്ച മൂന്നാമത്തെ വിഷയത്തിൽ പുളിപ്പില്ലാത്ത അപ്പത്തിനുപകരം പുളിപ്പുള്ള ഒരപ്പം ആണ് ഉപയോഗിക്കുന്നതെങ്കിൽ തിരുവചനവെളിച്ചത്തിൽ ജീവതത്തിലെ സ്വച്ഛതയും സത്യവുമെന്ന പുളിപ്പില്ലായ്മയ്ക്ക് പകരം ജീവിതത്തിലെ പുളിപ്പ് ആകുന്ന തിന്മയേയും ദുഷ്ടതയേയും അത് സാദൃശീകരിക്കുമെന്നുള്ളതിന് തർക്കമില്ലല്ലോ. അപ്പം ഏതായാലും മതി എന്നുള്ള വീക്ഷണവും അതിനെ പ്രാർത്ഥിച്ച് വിശുദ്ധീകരിക്കുന്ന പ്രവണതയും യേശുകർത്താവിന്റെ ശരീരത്തെ സാദൃശീകരിക്കേണ്ടുന്ന അപ്പത്തെ സംബന്ധിച്ചിടത്തോളം തിരുവചന വെളിച്ചത്തിൽ ശരിയല്ല.

ക്രിസ്തീയ ആരാധനയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന കർത്തൃമേശ തികച്ചും അതിന്റെ ഗൗരവത്തോടും ഘനത്തോടും കൂടെ ആദിമ കാലങ്ങളിൽ വേർപെട്ട ആത്മീയ പിതാക്കന്മാർ അനുഷ്ഠിച്ചു പോന്നിരുന്നു. എന്നാൽ പിൽകാലങ്ങളിൽ കർത്തൃമേശയോടുള്ള ഗൗരവവും ഘനവും നഷ്ടപ്പെട്ടതിനാൽ ഈ വിലയേറിയ ശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്ന പദാർത്ഥങ്ങളോടുള്ള അവഗണനയും ഉളവായി എന്നു കാണാം. അങ്ങനെ ഈ ശുശ്രൂഷയിൽ കർത്താവിന്റെ ശരീരത്തെ ശരിയായി അതിന്റെ സ്വഭാവഗുണങ്ങളോട് വിവേചിക്കാത്തതിനാൽ പുളിപ്പിന്റെ അശുദ്ധി ക്രമേണയുള്ള ജീവിതത്തെ മയക്കത്തിലേക്കും നിത്യനാശത്തിലേക്കും നയിക്കുന്നു (മത്തായി 25:5; 1 കൊരി.11:29,30). ആദ്യകാലങ്ങളിൽ തികച്ചും ഭക്തിപുരസരം അനുഷ്ഠിച്ചിരുന്ന ഈ ശുശ്രൂഷയ്ക്ക് സൗകര്യാർത്ഥം ബേക്കറികളിൽ പുളിപ്പിച്ചുണ്ടാക്കുന്ന ബ്രഡ് വാങ്ങി, ചിന്താവിമുക്തരായി ഒരു വിവേചനവുമില്ലാതെ കർത്താവിന്റെ ഊനമില്ലാത്ത ശരീരത്തെ സാദൃശീകരിക്കുന്നത് എത്രയോ വലിയ പാപമാണ്.

കർത്താവ് വേഗത്തിൽ വരും എന്ന് പ്രത്യാശിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന വിശ്വാസികളുടെ വൃന്ദമാകുന്ന ദൈവസഭ ഇന്ന് ഭൂമിയിൽ കൂടിവരുമ്പോൾ പൂർണ്ണ ഗൗരവത്തോടും ഘനത്തോടും കൂടെ കർത്താവിന്റെ കഷ്ടാനുഭവങ്ങളെയും വരിവനെയും വിളിച്ചറിയിക്കുന്നതും നമുക്കുവേണ്ടി കാൽവറിയിൽ തകർക്കപ്പെട്ട ഊനമില്ലാത്ത ദൈവകുഞ്ഞാടിന്റെ ശരീരത്തേയും നമുക്കുള്ള പ്രാഗൽഭ്യത്തേയും വിളിച്ചറിയിക്കുന്നതുമായ കർത്തൃമേശ കർത്താവ് കാണിച്ച മാതൃക പ്രകാരം തന്നെ അനുഷ്ഠിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

## ➤ 2 വിവാഹേതര ബന്ധങ്ങൾ

എടുത്തുചാട്ടമാണ് കാര്യങ്ങളൊക്കെ വഷളാക്കിയതെന്നും വലിയ കുറ്റബോധത്തോടെ കൊച്ചുറാണി പറയുന്നു. ഏതായാലും ദിവസങ്ങൾ മുന്നോട്ട് പോകുംതോറും സന്തോഷത്തോടും സമാധാനത്തോടുംകൂടെ പൊയ്ക്കൊണ്ടിരുന്ന ഈ കുടുംബം അസമാധാനത്തിലേക്കും അസന്തുഷ്ടിയിലേക്കും നീങ്ങുകയാണ്.

വിവാഹേതര ബന്ധം കുറ്റകരമല്ലെന്നുള്ള സുപ്രീംകോടതി വിധി വന്നിട്ട് അധികമായിട്ടില്ല. ഈയൊരു വിധിക്ക് സാമൂഹികവും കുടുംബപരവുമായ തലങ്ങളിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നുള്ളത് ഉറപ്പായ കാര്യമാണ്. രഹസ്യമായും പരസ്യമായും ഇത്തരത്തിലുള്ള ബന്ധങ്ങളിലേക്ക് പൊയ്ക്കൊണ്ടിരുന്ന ആളുകളുടെ പ്രവൃത്തികൾക്ക് അംഗീകാരം കൂടിയാണ് ഈ വിധി എന്നതിൽ സംശയമില്ല. മുതിർന്ന ആളുകളെക്കാൾ ഈ വിധി ദോഷകരമായി ബാധിക്കാൻ പോകുന്നത് വരുംതലമുറകളെ ആയിരിക്കും എന്നതും സംശയ രഹിതമായ കാര്യമാണ്.

വിവാഹേതര ബന്ധങ്ങൾ കുറ്റകരമാകുന്നത് ധാർമ്മിക തലത്തിലാണെന്ന് പറയുമ്പോഴും അതിന്റെ ദുരന്ത ഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നത് ആ കുടുംബവും പ്രത്യേകിച്ച് ഭാവി കുടുംബങ്ങൾക്ക് രൂപം നൽകേണ്ടുന്ന കുട്ടികളുമാണ്. അന്യോന്യം ഭാര്യഭർത്താക്കന്മാർക്കിരുവർക്കുമുണ്ടാകേണ്ട വിശ്വസ്തതയും നിസ്വാർത്ഥമായ സ്നേഹവും ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥ വിവാഹേതര ലൈംഗിക ബന്ധങ്ങൾ സൃഷ്ടിക്കും. വിവാഹേതര ലൈംഗിക ബന്ധങ്ങൾ കുറ്റകരമല്ല എന്നുള്ള വിധി കുട്ടികളിലും യുവജനങ്ങളിലും ലൈംഗിക ധാർമ്മികതയെ സംബന്ധിച്ച് അയഞ്ഞ മനോഭാവവും നിലപാടും പുലർത്താൻ ഇടയാക്കും എന്നത് കുടുംബത്തെ സ്നേഹിക്കുന്നവരെയൊക്കെ പേടിപ്പെടുത്തേണ്ട സംഗതി തന്നെയാണ്. സമാധാനവും സന്തോഷവും പരസ്പര വിശ്വാസവും നഷ്ടപ്പെടുത്തി അപകർഷതാ ബോധവും അരക്ഷിതാവസ്ഥയും അരാജകത്വവുമാണ് വിവാഹേതരബന്ധങ്ങളിലൂടെ സംജാതമാകുന്നതെന്ന് നാം തിരിച്ചറിയണം.


## അറിയാനും പറയാനും

ദൈവം സത്യമോ, മിഥ്യയോ? പ്രപഞ്ചം ദൈവം സൃഷ്ടിച്ചു എന്നതിന് എന്താണ് തെളിവ്? ഏകനായ ദൈവം എങ്ങനെയാണ് മൂന്നു ദൈവമാകുന്നത്? ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തെ ബാധിക്കുന്നതെങ്ങനെ? മരണാനന്തര ജീവിതത്തിന് എന്ത് സാധ്യത? എന്തു യുക്തി? ആധുനീക യുഗത്തിൽ ബൈബിളിന് എന്ത് ആധികാരികതയും പ്രസക്തിയുമാണുള്ളത്? യേശു ദൈവമാകുന്നതെങ്ങനെ? ഇങ്ങനെയുള്ള ബൈബിൾ വിമർശകരുടെ ചോദ്യങ്ങൾക്കുള്ള മറുപടി എന്തെന്ന് അറിയാനും പറയാനും സഹായിക്കുന്ന പ്രസിദ്ധീകരണങ്ങൾക്ക് ബന്ധപ്പെടുക.

ടൈറ്റസ് കാർത്തികപ്പള്ളി
കേരള - 690516

✆ 9847232598
vedabhimani@gmail.com

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com
YouTube
vedabhimani

VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 150/-

Postal Registered No : KL/MVK/184/2018-2020
Posted on 15, 20 January 2019
at RMS Kayamkulam
Published on Ist January 2019
RNI Registered No. KERMAL/2002/7361



# നമ്മുടെ ജീവിതം

ഫ്രഞ്ചു സൈനികർ ജർമ്മനിയിൽ തമ്പടിച്ചിരുന്ന കാലം. കുതിരകൾക്ക് ആവശ്യമുള്ള പുല്ലു കൊണ്ടുവരുവാൻ ഒരു സൈനിക വിഭാഗത്തിന്റെ മേധാവിക്ക് ആജ്ഞ നൽകി. ആ ഓഫീസർ തന്റെ പടയോടൊപ്പം പുറപ്പെട്ടു. തനിക്കു വിഭജിച്ചു നൽകിയ ഭാഗത്തേക്കാണ് പോയത്. അവിടെ മരങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ആ ഭൂവിഭാഗം ചെറിയ കുത്തനെയുള്ള താഴ്‌വരയായിരുന്നു. ചുറ്റും കുന്നുകളും ഉണ്ടായിരുന്നു. അൽപം ദൂരെ ഒരു കുടിൽ കാണപ്പെട്ടു. ആ ഓഫീസർ ഒരാളോട് കതകിൽ മുട്ടാൻ ആവശ്യപ്പെട്ടു. മുട്ടിയതും വെള്ളത്താടിയുള്ള ഒരു വൃദ്ധൻ പുറത്തേക്കു വന്നു. അദ്ദേഹത്തോട് ഓഫീസർ 'ശ്രീമാൻ, ഞങ്ങളുടെ കുതിരകൾക്കു പുല്ലു വേണം. ഒരു പുല്ലുള്ള സ്ഥലം കാട്ടിയാലും. ഞങ്ങൾ അറുത്തെടുത്തുകൊള്ളാം' എന്ന് അഭ്യർഥിച്ചു.

ശരി, എന്നോടൊപ്പം വരിക, എന്നു പറഞ്ഞ് ആ വൃദ്ധൻ നടക്കാൻ തുടങ്ങി. അദ്ദേഹത്തെ പിൻതുടർന്ന് സൈനികരും. 15 മിനിറ്റ് നടന്നപ്പോൾ ഒരു പുൽമേട് ദൃശ്യമായി. വൃദ്ധനോട് അധികാരികൾ പറഞ്ഞു, ഇതു മതി. ഇവിടുന്ന് ഞങ്ങൾ പുല്ല് അറുത്ത് എടുക്കാം. ഒരല്പം ക്ഷമിച്ച് എന്നോടൊപ്പം വരിക, വൃദ്ധൻ നടത്തം തുടർന്നു. സൈന്യവും അദ്ദേഹത്തെ അനുഗമിച്ചു. വേറൊരു പുൽപ്രദേശം കാണാറായപ്പോൾ വൃദ്ധൻ, ഇവിടെ നിന്ന് പുല്ല് അറുത്തു കൊള്ളുക എന്നു പറഞ്ഞു. സൈനികർ ജോലി ആരംഭിച്ചു. പുല്ലറുത്ത് കുതിരപ്പുറത്തു കയറ്റിക്കൊണ്ടിരുന്നു.

പ്രയോജനമില്ലാതെ എന്തിനാണ് ഞങ്ങളെ ഇത്ര ദൂരം കൂട്ടിക്കൊണ്ടു വന്നത്? ആദ്യംകണ്ട നിലത്തിലെ പുല്ല് ഇതിനെക്കാളും നല്ലതായിരുന്നല്ലോ. അതുതന്നെ ഞങ്ങൾക്ക് അറുത്തെടുക്കാമായിരുന്നു, എന്ന് ഓഫീസർ വൃദ്ധനോടു പറഞ്ഞു.

അപ്പോൾ വൃദ്ധൻ അദ്ദേഹത്തോടു പറഞ്ഞു, താങ്കൾ പറഞ്ഞത് സത്യമാണ് സർ! എന്നാൽ ആ നിലം എന്റേതായിരുന്നില്ല. അതിനാൽ എനിക്കതിന് സമ്മതിക്കാനാവില്ലായിരുന്നു! എന്നാൽ ഇത് എന്റെ നിലമാണ്. അതുകൊണ്ടാണ് താങ്കൾക്ക് ഇത് കാണിച്ചു തന്നത്. ഇതുകേട്ട അധികാരി ആ വൃദ്ധന്റെ ഉന്നതമായ സംസ്കാരവും സ്വഭാവ ശുദ്ധിയും കണ്ട് അത്ഭുതചിത്തനായി നിന്നുപോയി. വിശ്വസ്ഥത സംബന്ധിച്ച് ഇന്ന് നാം എങ്ങനെയാണ്?



# ബന്റ്ലി കാറിന്റെ ശവസംസ്ക്കാരം

**2013** സെപ്റ്റംബർ 20. അന്നായിരുന്നു ബ്രസീലിലെ ശതകോടീശ്വരനായ കൗണ്ട് സ്ക്രാപ്പ തന്റെ ബന്റ്ലി കാറിന് ആഘോഷമായ ശവസംസ്കാരം നൽകാൻ നിശ്ചയിച്ചിരുന്ന ദിവസം. മുന്നൂ കോടിയിലേറെ രൂപ വിലവരുന്ന ലക്ഷ്വറി കാറായിരുന്നു അത്. കാർ മണ്ണിനടിയിൽ കുഴിച്ചിടാൻ പോകുകയാണെന്ന വാർത്ത കേട്ടപ്പോൾ പൊതുജനം മൂക്കത്തു വിരൽവച്ചു. സ്ക്രാപ്പയ്ക്കെന്താ ഭ്രാന്താണോ? അവർ പരസ്പരം ചോദിച്ചു.



തെയ്ൻ ചിക്കീനോ സ്ക്രാപ്പ എന്നാണ് അദ്ദേഹത്തിന്റെ മുഴുവൻ പേര്. കുടുംബസ്വത്ത് ഉപയോഗിച്ചു വൻ ബിസിനസ് നടത്തിയാണ് സ്ക്രാപ്പ വലിയ പണക്കാരനായത്. ഇറ്റലിക്കാരനായ അദ്ദേഹത്തിന്റെ പിതാവ് ഫ്രാൻസിസ്കോയും പണക്കാരനായിരുന്നു. ഫ്രാൻസിസ്കോ തന്റെ പണത്തിന്റെ നല്ലൊരു ഭാഗം പരോപകാര പ്രവൃത്തികൾക്കായി വിനിയോഗിച്ചതുമൂലമാണ് 1949-ൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പ അദ്ദേഹത്തിനു കൗണ്ട് സ്ഥാനം നൽകി ആദരിച്ചത്. ഈ ബഹുമതി അദ്ദേഹത്തിന്റെ മരണശേഷം സ്ക്രാപ്പയ്ക്ക് അവകാശമായി ലഭിച്ചു.

"എനിക്കു ഭ്രാന്തൊന്നുമില്ല," ആളുകളുടെ സംശയം മനസിലാക്കി സ്ക്രാപ്പ പറഞ്ഞു. എന്റെ മരണശേഷം എനിക്കേറ്റവും വിലപ്പെട്ട ബന്റ്ലി കാർ മരണാനന്തര ജീവിതത്തിൽ എനിക്ക് ഉപയോഗിക്കണം. തന്മൂലമാണ് ഞാൻ എന്റെ കാർ കുഴിച്ചിടുന്നത്. പണ്ട് ഈജിപ്തിലെ ഫറവോമാർ ചെയ്തിരുന്നത് കേട്ടിട്ടില്ലേ? മരണാനന്തര ജീവിതത്തിൽ അവർക്ക് ആവശ്യമാണെന്നു തോന്നിയിരുന്ന കാര്യങ്ങൾ അവർ കുഴിച്ചിട്ടിരുന്നു.

കാർ കുഴിച്ചിടുമെന്നു സ്ക്രാപ്പ വെറുതേ പറയുക മാത്രമല്ല ചെയ്തത്. തന്റെ കൊട്ടാരവളപ്പിൽ വലിയൊരു കുഴിയുണ്ടാക്കി തന്റെ കാറിനൊപ്പം അതിനടുത്തു നിൽക്കുന്ന ഫോട്ടോ എടുത്ത് അതു തന്റെ ഫേസ്ബുക്ക് പേജിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. അപ്പോൾ ഫേസ്ബുക്കിൽ പതിനായിരക്കണക്കിനു പ്രതികരണമാണ് ലഭിച്ചത്.

അതിൽ പലതിന്റെയും രത്നച്ചുരുക്കം ഇപ്രകാരമായിരുന്നു. വലിയ വിലവരുന്ന ബന്റ്ലി കാർ പരലോക ജീവിതത്തിലേക്കുവേണ്ടി എന്നു പറഞ്ഞു മണ്ണിനടിയിൽ കുഴിച്ചിടുന്നതു വലിയ മണ്ടത്തരമല്ലേ? ആ കാർ വിറ്റുകിട്ടുന്ന തുകകൊണ്ട് എത്രയോ പാവങ്ങളെ സഹായിക്കാമായിരുന്നു... സാമ്പത്തികമായി നമ്മുടെ നാട് ഏറെ പുരോഗമിച്ചിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷ ജനത്തിനും ഈ പുരോഗതിയിലും സമൃദ്ധിയിലും പങ്കുപറ്റുവാൻ സാധിച്ചിട്ടില്ല. അവരുടെ കണ്ണുനീർ തുടയ്ക്കുന്നതിനും അവരുടെ നിസ്സഹായാവസ്ഥയിൽ അവരെ സഹായിക്കുന്നതിനും നമുക്ക് എപ്പോഴും ശ്രദ്ധവേണം. ഇതൊക്കെ മരണാനന്തര ജീവിതത്തിൽ നമുക്ക് നന്മകളായി തിരികെ ലഭിക്കും.

സ്ക്രാപ്പയുടെ ചിന്തയും മറിച്ചായിരുന്നില്ല. അതു മറ്റുള്ളവരെയും ബോധ്യപ്പെടുത്താനായിരുന്നു അദ്ദേഹം ഇപ്രകാരം ഒരു സ്റ്റണ്ട് ആവിഷ്കരിച്ചത്.




☺നമ്മൾ ചെയ്യുന്ന സഹായം മറ്റുള്ളവർക്ക് ഉപദ്രവമാകുന്നതെപ്പോഴാണ്?

സൂസൻ കോശി, ആര്യനാട്, നെയ്യാറ്റിൻകര, തിരുവനന്തുപുരം

**☹സഹായം വെറും ഉപദേശരൂപത്തിലാകുമ്പോൾ**

☺ഇടവകയിലെ എന്റെ വചനശുശ്രൂഷ വിശ്വാസികൾ വെറുക്കുന്നതിനു കാരണം.

പാസ്റ്റർ ഷൈജുജോൺ, മുളകരമേട്, ആനപ്പാടി, കട്ടപ്പന

**☹കുടിവെള്ളം വെള്ളപ്പൊക്കമാകാതെ ശ്രദ്ധിക്കണം**

☺നാവിന് എല്ലുണ്ടായിരുന്നെങ്കിൽ എന്തുസംഭവിക്കുമായിരുന്നു.

ഫേബാ ചെറിയാൻ, പുതുക്കാട്, ചവറ, കൊല്ലം

**☹വള...വള...ാന്ന് അധികം പറയില്ലായിരുന്നു**

☺പണ്ടത്തെ സ്ത്രീകളെ കവികൾ കണ്ണുനീർ തുള്ളിയോട് ഉപമിച്ചു. ഇന്നത്തെ സ്ത്രീകളെ എന്തിനോട് ഉപമിക്കും.

മോൻസി തോമസ്, ക്രൈസ്റ്റ്നഗർ, കരകുളം, തിരുവനന്തപുരം

**☹എന്തിനോട് ഉപമിച്ചാലും പീഡനത്തിനകത്താകും. മിണ്ടാതിരിക്കുന്നതാണ് ബുദ്ധി**

☺അർഹിക്കുന്നവന് കിട്ടാത്തതും അർഹിക്കാത്തവന് കിട്ടുന്നതുമായ കാര്യം.

സാജു സാം, തെങ്ങേലിൽ, കുറ്റൂർ, തിരുവല്ല

**☹അധികാരം**

☺ഓട്ടവും നെട്ടോട്ടവും തമ്മിലുള്ള വ്യത്യാസം

ലിനാജോൺ, കൂവപ്പള്ളി, അറക്കുളം. തൊടുപുഴ

**☹സമ്പത്തു വർദ്ധിപ്പിക്കാൻ ആത്മീയനേതാക്കൾ വിദേശത്തേക്ക് ഓടുമ്പോൾ അന്നത്തിനുള്ള വക കണ്ടെത്താൻ ദൈവദാസന്മാർ തെക്കുവടക്ക് നെട്ടോട്ടമോടുന്നു.**

☺ഹൃദയവും തലച്ചോറുമില്ലാത്ത ആത്മീയ സമൂഹമാണ് ഇപ്പോഴുള്ളത് എന്നുപറഞ്ഞാൽ.

ഷാർലറ്റ് ജോൺ, കുമ്പളം, പെരിയം, കുണ്ടറ

**☹ഇന്നത്തെ ആത്മീയർക്ക് ആമാശയമാണ് പ്രധാനം**




Printed, Published and owned by Titus Karthikappally, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikapplly